# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 28 ആഗസ്റ്റ് 2026 ലക്കം 8 Price: 20

# BISHOP'S PROGRAMME

## August 2026

| | | |
|---|---|---|
| 1 - 2 | | Mumbai |
| 3 - 7 | | Kochi (KCBC Retreat) |
| 8 -10 | | Punjab |
| 11 | 06.30 | Ambayathode |
| | 14.00 | Kozhikode |
| 12 | 06.30 | Thamarassery |
| | 17.30 | Kodanchery |
| 13 | 10.30 | Thamarassery |
| | 18.00 | Manjuvayal |
| 14 | 10.00 | Thamarassery |
| | 17.30 | Mankavu |
| 15 | 10.00 | Thrissur |
| | 19.00 | Pullanjimedu |
| 16 | 10.30 | Thamarassery |
| 17 - 28 | | Kakkanadu - Synod |
| 29 | 09.00 | Malaparambu |
| | 12.00 | Thamarassery |
| | 13.00 | Thiruvambady |
| 30 - 31 | | Engaged |

**August 2026**
**Volume: 28 - Issue 08**

**Chief Editor**
**Chancellor**
**Diocese of Thamarassery**
Thamarassery, Kozhikode - 673 573
Tel: 0495 - 2223376, 2963370
email: diocesetmy09@gmail.com
www.thamarassserydiocese.com

## ഉള്ളടക്കം

| | | |
|---|---|---|
| 1. | ആശംസകൾ | 530 |
| 2. | പ്രോഗ്രാം | 532 |
| 3. | സർക്കുലർ | 533 |
| 4. | സർക്കുലർ | 539 |
| 5. | സർക്കുലർ 15/2026 | 542 |
| 6. | കച്ചേരിക്കാര്യം | 544 |
| 7. | ആദരാഞ്ജലികൾ | 548 |
| 8. | പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് | 554 |
| 9. | വിശ്വാസപരിശീലനം | 560 |
| 10. | മീഡിയ കമ്മീഷൻ | 564 |
| 11. | സെമിനാരി വാർത്തകൾ | 567 |
| 12. | യൂദിത്ത് ഫോറം | 568 |
| 13. | ചെറുപുഷ്പ മിഷൻലീഗ് | 569 |
| 14. | സ്മാർട്ട് | 571 |
| 15. | കെസിവൈഎം-എസ്എംവൈഎം | 572 |
| 16. | എയ്ഡർ എഡ്യൂകെയർ | 574 |
| 17. | ബഥാനിയ ധ്യാനകേന്ദ്രം | 578 |
| 18. | കരിസ്മാറ്റിക് മൂവ്മെന്റ് | 581 |
| 19. | ആൽഫ മരിയ അക്കാദമി | 582 |
| 20. | ക്രിസ്റ്റീൻ | 583 |
| 21. | ബൈബിൾ അപ്പസ്തോലേറ്റ് | 584 |
| 22. | അൽഫോൻസ കോളേജ് | 585 |
| 23. | സ്റ്റാർട്ട് | 586 |
| 24. | കരുണാഭവൻ | 587 |
| 25. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 588 |
| 26. | വികസനവേദി | 589 |
| 27. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് | 592 |
| 28. | TAFCOS | 593 |
| 29. | IFAE | 594 |
| 30. | തീർഥയാത്രകൾ | 595 |
| 31. | ഇൻഫാം | 596 |
| 32. | യേശുനിധി | 597 |
| 33. | അജപാലനകുറിപ്പുകൾ | 598 |





# Birthday Greetings

## Rev. Fathers

| | | |
|---|---|---|
| Kalarickal Joseph | August | 1 |
| Panackal Varghese | | 3 |
| Chilambikunnel Thomas | | 4 |
| Kochumuriyil Thomas | | 5 |
| Karukamalil Vincent | | 9 |
| Kuzhivelil Dominic | | 15 |
| Plakkoottathil Jacob | | 15 |
| Paimpillil George | | 15 |
| Karakunnel Jacob | | 16 |
| Kandassamkunnel Mathew | | 17 |
| Karackal Sebastian | | 18 |
| Mazhuvanchery Abraham | | 21 |
| Oravumkara John | | 22 |
| Mundanattu George | | 22 |
| Edakkattil Joseph | | 25 |
| Pamplaniyil Joseph | | 26 |
| Peruvelil Mathew | | 27 |
| Pallattu Sebastian | | 28 |
| Kappalumackal Jacob | | 29 |
| Kannampally Thomas | | 30 |
| Ezhanikatt Joseph | | 31 |

**Mar Remigiose Inchananiyil**




# Feast Day Greetings

**Rev. Fathers**

| | | |
|---|---|---|
| Kuzhivelil Dominic | August | 8 |
| Muttathukudiyil Dominic | | 8 |
| Thoomkuzhy Dominic | | 8 |
| Alumkal Augustine | | 28 |
| Kizhukkarakatt Augustine | | 28 |
| Kizhukarakatt Sudeep | | 28 |
| Kizhukarakatt Danties | | 28 |
| Machukuzhiyil Augustine | | 28 |
| Pannikkottu Augustine | | 28 |
| Pattaniyil Augustine | | 28 |
| Palathumthalackal Augustine | | 28 |
| Thuravackal Augustine | | 28 |
| Vamattathil Augustine | | 28 |

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**ആഗസ്റ്റ് 2026**

| | | |
|---|---|---|
| 01 | ശനി | **പതിനഞ്ച് നോമ്പാരംഭം** |
| 02 | ഞായർ | ചരമദിനം : ഫാ. ജോസഫ് മണിയങ്ങാട്ട് (2010) |
| 04 | ചൊവ്വ | **വി. ജോൺ മരിയ വിയാനി, വൈദികദിനം** |
| 06 | വ്യാഴം | **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം** |
| | | പ്രീകാനാ കോഴ്സ് (6-8) |
| 09 | ഞായർ | ചരമദിനം : ഫാ. ജോസഫ് അറക്കപ്പറമ്പിൽ (2011) |
| 11 | ചൊവ്വ | **വി. ക്ലാര** |
| | | മിഷൻലീഗ് : കുഞ്ഞേട്ടൻ അനുസ്മരണം |
| 14 | വെള്ളി | ബഥാനിയ : ജീവിത വിശുദ്ധീകരണധ്യാനം (14-17) |
| 15 | ശനി | **സ്വർഗ്ഗാരോപണത്തിരുനാൾ** (കടമുള്ള ദിവസം) |
| | | **സ്വാതന്ത്ര്യദിനം** |
| 17 | തിങ്കൾ | ചരമദിനം : ഫാ. ചാണ്ടി കുരിശുംമൂട്ടിൽ (2018) |
| 19 | ബുധൻ | ചരമദിനം : ഫാ. അലക്സ് മണക്കാട്ടുമറ്റം (2007) |
| 21 | വെള്ളി | വി. പത്താം പീയൂസ് മാർപാപ്പ |
| 22 | ശനി | ചരമദിനം : ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം (2005) |
| 25 | ചൊവ്വ | ചരമദിനം : ഫാ. ജോസഫ് കോഴിക്കോട്ട് (2010) |
| 28 | വെള്ളി | **വി. അഗസ്റ്റിൻ** |
| | | ചരമദിനം : ഫാ. തോമസ് കൊച്ചുപറമ്പിൽ (2023) |
| | | ബഥാനിയ : ദിവ്യകാരുണ്യാനുഭവ ധ്യാനം (28-30) |
| | | START : Mini Master Training (28-31) |
| 29 | ശനി | **വി. എവുപ്രാസ്യ** |

# തടവറ പ്രേഷിത ഞായർ

## 9 ഓഗസ്റ്റ് 2026

## റോദനം കേൾക്കുക, മുറിവ് ഉണക്കുക, പ്രത്യാശ പുനരുജ്ജീവിപ്പിക്കുക

No: 4228/K-5/KCBC/OL/DS

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും. തടവറ പ്രേഷിത ഞായറാഴ്ചയായി ആചരിക്കുന്ന ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച, അഴികൾക്കു പിന്നിൽ കഴിയുന്ന നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തിരിക്കാൻ സഭ നമ്മെ ക്ഷണിക്കുന്നു. നമ്മൾ കരുതുന്നതുപോലെ തടവറയിൽ കഴിയുന്നവരെല്ലാവരും കൊടും കുറ്റവാളികളല്ല. ഒരു ദുർബലനിമിഷത്തിൽ തെറ്റിൽ അകപ്പെട്ടു പോയവർ ഇവിടെയുണ്ട്. സാമ്പത്തിക തകർച്ചമൂലം ജയിലറകളിലേക്ക് എത്തപ്പെട്ടവരുണ്ട്. ആസൂത്രിതമായ ദുരാരോപണങ്ങൾ നിമിത്തം തടവറകളിലേക്ക് എറിയപ്പെട്ട, തികച്ചും നിഷ്കളങ്കരായ, തീർത്തും നിസ്സഹായരായ നിരപരാധികളും തടവറയിലുണ്ട്. "തടവുകാരുടെ ഞരക്കം കേൾക്കാനും മരണത്തിനു വിധിക്കപ്പെട്ടവരെ സ്വതന്ത്രരാക്കാനുംവേണ്ടി" എന്ന സങ്കീർത്തകന്റെ വാക്കുകളിൽനിന്നു (102:20) പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷത്തെ പ്രമേയത്തെക്കുറിച്ചു നമുക്കു വിചിന്തനം ചെയ്യാം: റോദനം കേൾക്കുവിൻ, മുറിവ് ഉണക്കുവിൻ, പ്രത്യാശ പുനരുജ്ജീപ്പിക്കുവിൻ. ഈ വിഷയം വെറുമൊരു മുദ്രാവാക്യമല്ല; മറിച്ച് സുവിശേഷ കല്പനയാണ്. "ബന്ധിതർക്കു മോചനവും" (ലൂക്കാ 4:18) ഹൃദയം തകർന്നവർക്ക് സൗഖ്യവുമേകുവാൻ വന്ന യേശുവിന്റെ ദൗത്യത്തെ അത് പ്രതിധ്വനിപ്പിക്കുന്നു.

### റോദനം കേൾക്കുക

തടവറ മതിലുകൾക്കും പൂട്ടിയ കവാടങ്ങൾക്കും ഇരുമ്പഴികൾക്കും പിന്നിലുള്ളത് മനുഷ്യരാണ്; പലപ്പോഴും അവരുടെ റോദനം കേൾക്ക

പ്പെടാതെ പോകുന്നു. പല തടവുകാരും അവരുടെ മുൻകാല പ്രവർത്ത നങ്ങളെക്കുറിച്ചുള്ള കുറ്റബോധത്തോടെയും തകർന്ന ബന്ധങ്ങളുടെ വേദനാജനകമായ ഓർമ്മകളോടെയും കഴിയുന്നു. ചിലർ സ്വന്തം വീട്ടുകാരാലും സുഹൃത്തുക്കളാലും ഉപേക്ഷിക്കപ്പെട്ടവരാണ്. മറ്റുള്ളവർ വിഷാദം, ഉത്കണ്ഠ, മാനസികാഘാതം, ആസക്തി അല്ലെങ്കിൽ മാനസികരോഗങ്ങൾ എന്നിവയുമായി പോരാടുന്നു. ഒറ്റപ്പെടലിന്റെ വേദനയും സമൂഹം മറന്നുവെന്ന തോന്നലും പലരെയും വേട്ടയാടുന്നു. അതിനാൽ തടവുപുള്ളിയുടെ രോദനം മോചനത്തിനായുള്ള ഒരു അപേക്ഷയേക്കാൾ വളരെ ശക്തമാണ്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്നു പറയുമ്പോൾ യേശു തടവുകാരുമായി താദാത്മ്യം പ്രാപിക്കുകയാണ്. തടവുകാരുടെ നിലവിളി നാം കേൾക്കുമ്പോൾ, ക്രിസ്തുവിന്റെതന്നെ നിലവിളി യാണു നാം കേൾക്കുന്നത്. നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്. വിസ്മരിക്കപ്പെട്ടവരുടെയും തിരസ്കരിക്കപ്പെട്ടവരുടെയും തടവിലാക്കപ്പെട്ടവരുടെയും നിലവിളികൾക്ക് അവൻ ചെവികൊടു ക്കുന്നു. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ സഭയും അതുതന്നെ ചെയ്യണം.

### ശ്രവണ ശുശ്രൂഷ

വിമോചനം പലപ്പോഴും ശ്രവണത്തിലൂടെ ആരംഭിക്കുന്നു. തടവുകാരെ ഒരിക്കലും അവരുടെ കുറ്റകൃത്യങ്ങളിലൂടെ മാത്രം ചുരുക്കി കാണരുതെന്നും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും നവീകരിക്കാൻ കഴിവുള്ളവരുമായി എപ്പോഴും അംഗീകരിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പാ നമ്മെ ആവർത്തിച്ച് ഓർമ്മിപ്പിക്കുകയുണ്ടായി. അതിനാൽ, അനുകമ്പയോടെ ശ്രവിക്കുക എന്നത് ഒരു വിശുദ്ധ ശുശ്രൂഷയാണ്. ശ്രദ്ധയോടെ കേൾക്കുന്നതിലൂടെ, തടവുകാരെ അവരുടെ മാഹാത്മ്യവും മാനവികതയും പ്രത്യാശയും വീണ്ടും കണ്ടെത്താൻ നാം സഹായിക്കുന്നു.

### മുറിവ് ഉണക്കുക

ഓരോ തടവുപുള്ളിയും മുറിവുകൾ വഹിക്കുന്നവരാണ്. തടവറകളിലുള്ള സഭയുടെ സാന്നിദ്ധ്യം അടിസ്ഥാനപരമായി ഒരു സൗഖ്യ ശുശ്രൂഷയാണ്. സമർപ്പിത സഹോദരിമാരും വൈദികരും സന്നദ്ധ

പ്രവർത്തകരും കൗൺസിലർമാരും തടവറ പ്രേഷിതരും അഴികൾക്കു പിന്നിലുള്ളവർക്കു വേണ്ടി ക്രിസ്തുവിന്റെ സൗഖ്യ ദായക ശുശ്രൂഷ തുടരുന്നു. പലപ്പോഴും രോഗശാന്തി ആരംഭിക്കുന്നത് ലളിതമായ ഭാവപ്രകടനങ്ങളിലൂടെയാണ്: ശ്രവിക്കാനുള്ള സന്നദ്ധത, പ്രാർഥന, സന്ദർശനം, ഒരു കത്ത്, ഒരു പ്രോത്സാഹനവാക്ക് അല്ലെങ്കിൽ ദയയുടെ ഒരു പ്രവൃത്തി തുടങ്ങിയവയിലൂടെ ദൈവം തന്റെ രോഗശാന്തി ശുശ്രൂഷ തുടരുന്നു.

### സഹാനുഭൂതി (empathy): തടവറ ശുശ്രൂഷയുടെ കാതൽ

സഹാനുഭൂതി എന്നത് മറ്റൊരു വ്യക്തിയുടെ സഹനത്തിലേക്കു പ്രവേശിക്കാനുള്ള കഴിവാണ്. യേശു തന്റെ ശുശ്രൂഷയിലുടനീളം അഗാധമായ സഹാനുഭൂതി പ്രകടിപ്പിച്ചു. അവിടന്നു കുഷ്ഠരോഗികളെ സ്പർശിച്ചു, പാപികൾക്കു മാപ്പുകൊടുത്തു, കുരിശിലെ സഹന വേളയിലും, അനുതപിച്ച കള്ളനോട് അവിടന്നു കരുണയുടെ വാക്കുകൾ അരുൾചെയ്തു: ഇത് ഓരോ തടവറ ശുശ്രൂഷിക്കും പ്രചോദനമാകണം. മുൻവിധികളില്ലാതെ ശ്രവിക്കാനും, മുറിവുകൾ മനസ്സിലാക്കാനും, അനുരഞ്ജനവും ബന്ധങ്ങളുടെ പുനഃസ്ഥാപനവും പ്രോത്സാഹിപ്പിക്കാനും സഹാനുഭൂതി നമ്മെ പ്രാപ്തരാക്കുന്നു. സഹാനുഭൂതിയിലൂടെ, സന്നദ്ധപ്രവർത്തകർ ക്രിസ്തുവിന്റെ അനുകമ്പാർദ്ര സ്നേഹത്തിന്റെ സജീവ അടയാളങ്ങളായി മാറുന്നു.

### പ്രത്യാശ പുനരുജ്ജീവിപ്പിക്കുക

ഒരുപക്ഷേ തടവറയിലെ മതിലുകൾക്കുള്ളിൽ സംഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം പ്രത്യാശ നഷ്ടപ്പെടുക എന്നതാണ്. പ്രത്യാശയില്ലെങ്കിൽ പുനരധിവാസം ദുഷ്കരമാകും. പ്രത്യാശ ഇല്ലാതാകുമ്പോൾ മാനസാന്തരം സാധ്യമാണെന്ന ആളുകളുടെ വിശ്വാസവും ഇല്ലാതാകും. എന്നാൽ, സുവിശേഷം അടിസ്ഥാന പരമായി പ്രത്യാശയുടെ സന്ദേശമാണ്. തന്റെ ശുശ്രൂഷയിലുടനീളം, സമൂഹം തിരസ്കരിച്ചവരിൽ യേശു പ്രത്യാശ പുനരുദ്ധരിച്ചു. പ്രത്യാശ പുനരുജ്ജീവിപ്പിക്കുക എന്നാൽ തടവുകാരെ സമൂഹത്തി ലേക്കു വീണ്ടും സംയോജിപ്പിക്കാൻ സഹായിക്കുകയെന്നതാണ്; അവരുടെ കുടുംബത്തെ പിന്തുണയ്ക്കുക എന്നതാണ്. തടവുകാരുടെ കുട്ടികൾ അവരുടേതല്ലാത്ത കാരണത്താൽ കഷ്ടപ്പെടാൻ ഇടയാകരുത്.

## വധശിക്ഷ നിർത്തലാക്കൽ

കത്തോലിക്കാ സഭ ഓരോ മനുഷ്യജീവന്റെയും പവിത്രമായ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ സഭ വധശിക്ഷയെ എതിർക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പഠിപ്പിക്കുന്നു: വധശിക്ഷ വ്യക്തിയുടെ അലംഘനീയതയ്ക്കും മാഹാത്മ്യത്തിനുമെതിരായ ആക്രമണമാണ്; ലോകമെമ്പാടും അത് നിർത്തലാക്കുന്നതിന് സഭ ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്നു (CCC 2267). ഈ പ്രബോധനം കുറ്റകൃത്യത്തിന്റെ ഗൗരവത്തെയോ നീതിയുടെ ആവശ്യകതയെയോ നിഷേധിക്കുന്നില്ല. പകരം, ഒരു വ്യക്തിക്കും തനിക്കു ദൈവം നല്കിയ മാഹാത്മ്യം നഷ്ട പ്പെടുന്നില്ലെന്ന് ഉറപ്പിച്ചുപറയുന്നു. വിശുദ്ധ പൗലോസ് പീഡക നിൽനിന്ന് അപ്പോസ്തലനായി രൂപാന്തരപ്പെട്ടു. ധൂർത്തപുത്രൻ വീട്ടിലേക്കു സ്വാഗതം ചെയ്യപ്പെട്ടു. നല്ല കള്ളൻ പറുദീസയിൽ പ്രവേശിച്ചു. ദൈവം ഒരിക്കലും പാപിയെ കൈവിടുന്നില്ല. മാനസാന്തരത്തിനുള്ള സാധ്യത ആർക്കും നിഷേധിക്കപ്പെടരുത്.

## മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ അനുഗമനം ചെയ്യുന്നത്

ഐക്യരാഷ്ട്ര സഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം നല്കുന്ന കണക്കനുസരിച്ച്, ലോക മെമ്പാടും ഏകദേശം 11.5 ദശലക്ഷം തടവുകാരുണ്ട്. 23 ദശലക്ഷത്തിലധികം കുട്ടികളാണ് മാതാപിതാക്കൾ തടവറയിൽ ആയിരിക്കുന്നതിനാൽ കഷ്ടതയി ലായിരിക്കുന്നത്. ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് അനുസരിച്ച് 2025-ന്റെ അവസാനത്തോടെ 113 രാജ്യങ്ങൾ വധശിക്ഷ പൂർണമായും നിർത്തലാക്കി. അതേസമയം, ലോകമെമ്പാടും 25,508 പേരെങ്കിലും വധശിക്ഷ കാത്തിരിക്കുകയുമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, പ്രാർഥന, ആത്മീയ പരിചരണം, കൗദാശിക ശുശ്രൂഷ, നിയമ സഹായം എന്നിവയിലൂടെ ഈ സഹോദരീസഹോദരന്മാരെ അനുധാവനം ചെയ്യാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## നമ്മുടെ രൂപതയോടുള്ള ആഹ്വാനം

തടവറ ശുശ്രൂഷയുടെ ദൗത്യത്തിൽ സജീവമായി പങ്കുചേരാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളെയും, സന്യാസസമൂഹ ങ്ങളെയും, സ്ഥാപനങ്ങളെയും, ഭക്തസംഘടനകളെയും ഞാൻ

സ്നേഹപൂർവ്വം ക്ഷണിക്കുന്നു. തടവുകാർക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടി നമുക്ക് പ്രാർഥിക്കാം. തടവറ ശുശ്രൂഷ യിലെ എല്ലാ സന്നദ്ധപ്രവർത്തകരെയും നമുക്ക് പിന്തുണയ്ക്കാം. പുനരധിവാസവും നീതി പുനഃസ്ഥാപന പരിപാടികളും നമുക്ക് പ്രോത്സാഹിപ്പിക്കാം. പുതിയ തുടക്കം ആഗ്രഹിക്കുന്ന തടവുകാരെ നമുക്ക് സ്വാഗതം ചെയ്യാം. കാരുണ്യത്തിന്റെ സംസ്കാരം നമുക്ക് പ്രോത്സാഹിപ്പിക്കാം. വിസ്മൃതിയിലായവരെ ശ്രവിക്കുന്ന, മുറിവേറ്റ വരെ സുഖപ്പെടുത്തുന്ന, നിരാശരായവർക്കു പ്രത്യാശ നല്കുന്ന ഒരു സഭയായി നമുക്ക് മാറാം.

### നന്ദിയും ആശീർവാദവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ഓരോ ജയിൽ നമ്പറിനു പിന്നിലും ഒരു മനുഷ്യ മുഖമുണ്ട്. ഓരോ ശിക്ഷാവിധിക്കു പിന്നിലും ഒരു കഥയുണ്ട്. ഓരോ ജയിൽ മതിലിനു പിന്നിലും കേൾക്കപ്പെടാനും സുഖപ്പെടുത്തപ്പെടാനും നവീകരിക്കപ്പെടാനും കൊതിക്കുന്ന ഒരു ഹൃദയമുണ്ട്. ഈ തടവറ പ്രേഷിത ഞായറാഴ്ച (Prison Ministry Sunday), ക്രിസ്തുവിന്റെ കരുണാർദ്രമായ ഹൃദയം നമ്മിൽ നവീകരിക്കപ്പെടട്ടെ. തടവുപുള്ളിയുടെ നിലവിളി നമുക്ക് കേൾക്കാം. തകർന്ന ജീവിതത്തിന്റെ മുറിവുണക്കാൻ നമുക്ക് സഹായിക്കാം. തടവറ പ്രേഷിത ശുശ്രൂഷയുടെ മധ്യസ്ഥരായ വിശുദ്ധ മാക്സിമില്യൻ കോൾബെയും ധന്യനായ വാൻ തുവാനും ഈ ശുശ്രൂഷയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാവർക്കുംവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. കരുണയുടെ മാതാവായ പരിശുദ്ധ കന്യകമറിയം എല്ലാ തടവുകാരെയും അവരുടെ കുടുംബങ്ങളെയും ജയിൽ ജീവനക്കാരെയും സന്നദ്ധപ്രവർത്തകരെയും അനുഗമനം ചെയ്യട്ടെ.

പ്രാർഥനയിലൂടെയും സേവനത്തിലൂടെയും ഉദാരമനസ്കതയിലൂടെയും തടവറ പ്രേഷിത ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാ രൂപതകളോടും സമർപ്പിതസമൂഹങ്ങളോടും അഭ്യുദയകാംക്ഷികളോടും വിശ്വാസികളോടും എന്റെ സഹോദരമെത്രാന്മാർക്കൊപ്പം ഞാൻ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. യേശു സാഹോദര്യ കൂട്ടായ്മയുടെ അർപ്പണബോധമുള്ള സന്നദ്ധപ്രവർത്തകരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

പ്രാർഥനാപൂർവകമായ ആശീർവാദങ്ങളോടെ, ബന്ധിതരെ മോചിപ്പിക്കുന്ന ക്രിസ്തുവിൽ,

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ബിഷപ് മാർ ജോസ് പുളിക്കൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,*

*കൊച്ചി: 682 025*

N:B: 2026 ആഗസ്റ്റ് 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# ജസ്റ്റിസ് സൺഡേ (നീതിഞായർ)

**2026 ആഗസ്റ്റ് 16**

**കെസിബിസി എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

No: 4227/K-5/KCBC/OL/DS

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ മധുരസ്മരണകൾ അയവിറക്കുന്ന ഈ വേളയിലും ഭാരതത്തിലെ പൗരന്മാരായ ദളിത് ക്രൈസ്തവർ പലവിധത്തിൽ അടിമത്വത്തിലും അവഗണനയിലും കഴിയുകയാണ്. ഇവരുടെ പ്രശ്നങ്ങളെക്കുറിച്ച് സഭാസമൂഹം ആഴത്തിൽ ചിന്തിക്കുന്നതിനും അവരുമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ആഗസ്റ്റ് 15ന് ശേഷം വരുന്ന ഞായറാഴ്ച 'ജസ്റ്റിസ് സൺഡേ' ആയി സഭ ആചരിക്കുവാൻ CBCI (ഭാരത കത്തോലിക്ക മെത്രാൻ സമിതി) 1986-ൽ തീരുമാനം എടുത്തത്. ഈ വർഷം ആഗസ്റ്റ് 16-ാം തീയതി ജസ്റ്റിസ് സൺഡേ ആയി നാം ആചരിക്കുകയാണ്.

ജാതിയുടെ അടിസ്ഥാനത്തിൽ നൂറ്റാണ്ടുകളായി അടിച്ചമർത്ത പ്പെട്ട അവശലക്ഷങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ഇന്ത്യൻ ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകളും പരിരക്ഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും 1950 ലെ പട്ടികജാതി ഉത്തരവിൻ പ്രകാരം മേൽപ്പറഞ്ഞ ആനുകൂല്യങ്ങളും, പ്രത്യേക സംരക്ഷണവും പ്രസ്തുത വിഭാഗത്തിലെ ഹിന്ദു, സിഖ്, ബുദ്ധ മത വിശ്വാസികൾക്ക് മാത്രമായി പരിമിതപ്പെടുത്തി യിരിക്കുകയാണ്. തത്ഫലമായി ഇന്ത്യയിലെ പട്ടികജാതി വംശജരായ ക്രിസ്ത്യാനികൾക്ക് പട്ടികജാതിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇത് വെറും മതവിവേചനമല്ല പ്രസ്തുത പരോക്ഷമായ മത പീഡനമാണ്. ഈ നടപടി അപരിഷ്കൃതവും, വിവേചനപരവും നിന്ദ്യവുമാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങളുടെ ലംഘനവും ഭാരതത്തിന്റെ മതേതരത്വത്തിന് കളങ്കം ചാർത്തുന്ന തീരുമാനവുമാണ്.

ക്രിസ്തുമത വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ മതേതര രാജ്യ

മായ ഭാരതത്തിൽ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ ഇന്നും അവഗണനയും വിവേചനവും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ദളിത് ക്രൈസ്ത വർക്ക് സമൂഹത്തിൽ നീതിയും പരിരക്ഷയും ലഭിക്കുകയുള്ളൂ. ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തലത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. ഈ ആവശ്യത്തിലേക്ക് സഭാമക്കൾ എല്ലാവരുടെയും കൂട്ടായ പരിശ്രമവും നിരന്തരമായ പ്രാർത്ഥനയും ആവശ്യമാണ്.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വളർച്ചയിൽ കേരള സഭ വഹിക്കുന്ന പങ്ക് പ്രശംസനീയമാണ്. എങ്കിലും അവരുടെ ഉയർച്ചക്കായി സഭ ഇനിയും കൂടുതൽ ചെയ്യേണ്ടി യിരിക്കുന്നു. KCBC SC, ST/ BC കമ്മീഷൻ ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഓരോ രൂപതക ളും വിദ്യാർത്ഥി കൾക്ക് പ്രത്യേക സാമ്പത്തിക സഹായങ്ങളും ചെയ്തുവരുന്നു. യോഗ്യതയുള്ള ദളിത് ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സഭാസ്ഥാപനങ്ങളിലെ തസ്തികകളിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

ദളിത് ക്രൈസ്തവരുടെ പ്രശ്നം നമ്മുടെ സഭയുടെ മുഴുവൻ പ്രശ്നമായി ഏറ്റെടുക്കുകയും അവരോടുള്ള നമ്മുടെ മനോഭാവ ങ്ങളിൽ മാറ്റം വരുത്തുകയും മുൻവിധി കൂടാതെ അവരോട് കരുണാ പൂർവ്വം പെരുമാറുകയും അവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങളും സഹായ സഹകരണങ്ങളും നൽകുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദളിത് ക്രൈസ്തവരുടെ ക്ഷേമത്തി നായി KCBCയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് DCMS (ദളിത് കത്തോലിക്കാ മഹാജന സഭ). സംഘടനയുടെ ശാഖകൾ ഇല്ലാത്ത ദളിത് ക്രൈസ്തവരുള്ള ഇടവകകളിൽ അവ രൂപീകരിച്ച് പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ട താണ്.

ദളിത് കത്തോലിക്കാ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിന് SC, ST / BC കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന അക്കാദമികവും കലാപരവുമായ നാല് പദ്ധതികൾ T.S.D.T.P ഡവലപ്പ്മെന്റ് ടാലന്റ്

പ്രോഗ്രാം, സിംഫണി, കരിയർ ഓറിയന്റേഷൻ, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ഉടൻ പ്രായോഗിക മാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുകയാണ്. ജെ.ബി. കോശി കമ്മീഷൻ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകിയ ശുപാർശ നടപ്പിലാക്കുവാൻ സർക്കാരിന്റെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തേണ്ടിയിരിക്കുന്നു. നീതി ഞായറായി ഈ വർഷം ആഘോഷിക്കുന്ന ഓഗസ്റ്റ് 16-ാം തീയതി കേരള കത്തോലിക്കാ സഭയിലെ ഇടവകകളിൽ DCMS പതാക ഉയർത്തുകയും ഈ ദിവസ ത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ ബോധവത്കരി ക്കുകയും, പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. കാരണം നമ്മുടെ ദളിത് കത്തോ ലിക്ക സഹോദരങ്ങൾ സഭാഗാത്രത്തിന്റെ അഭിഭാജ്യ ഘടകമാണ ല്ലോ. അന്നത്തെ സ്തോത്ര കാഴ്ച പ്രത്യേകമായി നമ്മുടെ ദളിത് സഹോദരങ്ങളുടെ ശാക്തീകരണത്തിനായി മാറ്റിവയ്ക്കപ്പെടുന്ന താണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
ചെയർമാൻ, KCBC SC,ST/BC കമ്മീഷൻ

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്,** വൈസ്ചെയർമാൻ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് രാജപ്പൻ,** വൈസ്ചെയർമാൻ

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി 682 025*

N.B: 2026 ആഗസ്റ്റ് 16-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുമല്ലോ.

# മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

*സർക്കുലർ 15/2026*

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നമ്മുടെ രൂപതയുടെ ആത്മീകവും ഭൗതികവുമായ വളർച്ചയുടെ ചരിത്രവഴികളിൽ സ്നേഹത്തിന്റെ ദിവ്യപ്രഭ ചൊരിഞ്ഞ അഭിവന്ദ്യ പോൾ ചിറ്റിലപ്പള്ളി പിതാവ് ദൈവസന്നിധിയിലേക്ക് യാത്രയായിട്ട്, സെപ്റ്റംബർ 6-ന് ആറു വർഷങ്ങൾ പൂർത്തിയാകുന്നു. സ്നേഹ ശുശ്രൂഷയിലൂടെ താമരശ്ശേരി രൂപതയെ ആത്മാർഥമായി നയിച്ച നല്ല ഇടയന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർഥിക്കാം; കൃതജ്ഞതാപൂർവം അഭിവന്ദ്യ പിതാവിന്റെ ആത്മസമർപ്പണത്തെ അനുസ്മരിക്കാം.

വി. പൗലോസ് ശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ശുശ്രൂഷാ തല്പരതയും മാതൃകയാക്കിയ അഭിവന്ദ്യ പോൾ പിതാവ്, പതിമൂന്ന് വർഷക്കാലം താമരശ്ശേരി രൂപതയുടെ ഇടയനായി നമുക്ക് നേതൃത്വം നൽകി. വിട്ടുവീഴ്ചയില്ലാത്ത വിശ്വാസജീവിതം, കലർപ്പില്ലാത്ത കഠിനാധ്വാനം, ദൈവാത്മാവിനാൽ പ്രചോദിതമായ തീരുമാനങ്ങൾ, എല്ലാവരെയും ഹൃദയത്തോട് ചേർത്തുനിർത്തുന്ന സ്നേഹവും കരുതലുമെല്ലാം പിതാവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകളായിരുന്നു.

അപരിചിതമായൊരു മണ്ണിലേക്ക് നല്ല ഇടയനായി കടന്നുവന്ന ചിറ്റിലപ്പിള്ളി പിതാവ്, പ്രതികൂല സാഹചര്യങ്ങളെ ദൈവകൃപയാൽ തരണം ചെയ്തു. മലയോര ജനതയുടെ വേദനകളെയും ആശങ്കകളെയും ഹൃദയത്തിലേറ്റുവാങ്ങി. അക്ഷീണമായ അജപാലന സന്ദർശനങ്ങളിലൂടെയും സ്നേഹമസൃണമായ വാക്കുകളിലൂടെയും അദ്ദേഹം താമരശ്ശേരി രൂപതയിലെ ഓരോ വിശ്വാസിയുടെയും

കുടുംബത്തിലെ അംഗമായി. ചലനാത്മകവും അനുഗ്രഹീതവുമായ ആ പതിമൂന്ന് വർഷത്തെ ശുശ്രൂഷയുടെ ഫലങ്ങൾ ഇന്നും നമ്മുടെ രൂപത അനുഭവിച്ചുകൊണ്ടിരിക്കുന്നു. രൂപതയുടെ ഇന്നത്തെ വളർച്ച യിലും അജപാലന സംവിധാനങ്ങൾ വിപുലീകരിച്ചതിലും നമ്മുടെ പ്രിയപ്പെട്ട ചിറ്റിലപ്പള്ളി പിതാവിനോട് അഗാധമായ നന്ദിയും കടപ്പാടും ഉള്ളവരാണ് നമ്മൾ. ഈ വർഷത്തെ അനുസ്മരണദിന ത്തിൽ, അഭിവന്ദ്യ പിതാവ് പകർന്നുതന്ന വിശ്വാസദർശനങ്ങളെയും മാനുഷികമൂല്യങ്ങളെയും ജീവിതത്തിൽ സാക്ഷാത്കരിക്കാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

മാർ പോൾ ചിറ്റിലപ്പള്ളി പിതാവിന്റെ മരണവാർഷികത്തിന്റെ അനു സ്മരണ ശുശ്രൂഷകൾ സെപ്റ്റംബർ ഏഴിന് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ രാവിലെ 10.30 ന് വി. കുർബാനയോടെ ക്രമീകരി ച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലേതുപോലെ അന്നേദിനം അനുസ്മരണ ബലിയിലും തിരുകർമ്മങ്ങളിലും ബഹു. വൈദികരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും സംബന്ധിക്കേണ്ടതാണ്. സെപ്റ്റംബർ ആറിനോ അതിനടുത്ത ദിവസങ്ങളിലോ നമ്മുടെ ഇടവക ദൈവാല യങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പോൾ പിതാവിനെ അനുസ് മരിച്ചുകൊണ്ടുള്ള പ്രാർഥനകൾ നടത്തണമെന്നും സാധിക്കുന്ന വരെല്ലാവരും പങ്കെടുക്കണമെന്നും ഞാൻ സ്നേഹപൂർവം അഭ്യർഥിക്കുന്നു.

അഭിവന്ദ്യ ചിറ്റിലപ്പള്ളി പിതാവിന്റെ ദീപ്തസ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും അദ്ദേഹത്തിന്റെ ജീവിത സാക്ഷ്യം നമ്മുടെ വിശ്വാസയാത്രയിൽ എന്നും പ്രചോദനമായിരി ക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടും

സ്നേഹപൂർവം

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2026 ആഗസ്റ്റ് 30-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം



### 1. പുതിയ നിയമനം

Rev. Fr. George Karintholil : Director, OASIS Senior Care Home

### 2. വൈദികദിനം – ആഗസ്റ്റ് 4

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതിയാണല്ലോ. ലോകം മുഴുവനിലുമുള്ള വൈദികർക്കുവേണ്ടി, പ്രത്യേകിച്ച് അജപാലന ശുശ്രൂഷകളിൽനിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുവേണ്ടി പ്രാർഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

### 3. വൈദിക ക്ഷേമനിധി

വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ ആഗസ്റ്റ് 2-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചയായി സ്വീകരിച്ച് എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 4. പതിനഞ്ച് നോമ്പ്

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് മുന്നോടിയായി നമ്മുടെ സഭയിൽ പതിനഞ്ച് നോമ്പ് ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിക്കുന്ന പാരമ്പര്യം ഉണ്ടല്ലോ. ഇക്കാര്യം ദൈവജനത്തെ അറിയിക്കുകയും തീഷ്ണതയോടെ നോമ്പാചരണം നടത്തുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

### 5. തടവറ പ്രേഷിതദിനം

ആഗസ്റ്റ് 9-ാം തീയതി കേരളസഭ തടവറ പ്രേഷിതദിനമായി ആചരിക്കുന്നു. അന്നേദിവസം എടുക്കുന്ന സ്തോത്രക്കാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 6. ജസ്റ്റിസ് സൺഡേ

ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച ജസ്റ്റിസ് സൺഡേയായി സഭ ആചരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനുവേണ്ടിയുള്ളതാകയാൽ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 7. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികദിനം – സെപ്റ്റംബർ 7

സെപ്റ്റംബർ 6 ന് മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 6-ാം ചരമവാർഷികദിനമാണ്. സെപ്റ്റംബർ 7-ാം തീയതി തിങ്കളായാഴ്ച രാവിലെ 10.30 ന് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും ശുശ്രൂഷകളും നടക്കുന്നു. അഭിവന്ദ്യ മാർ തോമസ് ഇലവനാൽ പിതാവായിരിക്കും തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിക്കുന്നത്. ബഹു. വൈദികരും സമർപ്പിതരും ഇടവകപ്രതിനിധികളും കൂടാതെ സാധിക്കുന്ന ദൈവജനവും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

### 8. ആദരാഞ്ജലികൾ

ബഹു. അഗസ്റ്റിൻ പാറ്റാനിയിൽ അച്ചന്റെ പ്രിയ മാതാവ് **ത്രേസ്യാമ്മ പാറ്റാനിയിൽ (89)** 2026 ജൂലൈ 7 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 11-ാം തീയതി തലശ്ശേരി അതിരൂപതയിലെ കൊട്ടോടി സെന്റ് സേവിയേഴ്സ് ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. അഗസ്റ്റിനച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

ബഹു. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ അച്ചന്റെ പ്രിയ മാതാവ് **അന്ന ജോസഫ് കൊച്ചുമുണ്ടൻമലയിൽ (92)** 2026 ജൂലൈ 17 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 19-ാം തീയതി കണ്ണോത്ത് സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മി

കത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ഫ്രാൻസിസ് അച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

### 9. സ്മരണാഞ്ജലി

| | | |
|---|---|---|
| **02-08-2010** | **:** | **റവ. ഫാ. ജോസഫ് മണിയങ്ങാട്ട്** |
| 02-08-1992 | : | റവ. ഫാ. ജോസഫ് ടിഷ്യാൻ സി.എം.ഐ. |
| 03-08-1973 | : | റവ. ഫാ. ജോസഫ് ഇടക്കര |
| 06-08-1958 | : | റവ. ഫാ. ബർക്കുമാൻസ് സി.എം.ഐ. |
| 08-08-1993 | : | റവ. ഫാ. ലിയാണ്ടർ തട്ടിൽ സി.എം.ഐ. |
| **09-08-2011** | **:** | **റവ. ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ** |
| 10-08-2007 | : | റവ. ഫാ. ജോർജ് കച്ചിറമറ്റം |
| 13-08-1994 | : | റവ. ഫാ. തോമസ് മാമ്പുഴയ്ക്കൽ |
| **17-08-2018** | **:** | **റവ. ഫാ. ചാണ്ടി കുരിശുംമൂട്ടിൽ** |
| **19-08-2007** | **:** | **റവ. ഫാ. അലക്സ് മണക്കാട്ടുമറ്റം** |
| **22-08-2005** | **:** | **റവ. ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം** |
| **25-08-2010** | **:** | **റവ. ഫാ. ജോസഫ് കോഴിക്കോട്ട്** |
| 28-08-1970 | : | റവ. ഫാ. ജോർജ് വട്ടുകുളം |
| **28-08-2023** | **:** | **റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ** |

പ്രോട്ടോസിഞ്ചെല്ലൂസ്

# പാവനസ്മരണയ്ക്ക്



ഫാ. ജോസഫ്
മണിയങ്ങാട്ട് (02.08.2010)



ഫാ. ജോസഫ്
അറയ്ക്കപ്പറമ്പിൽ (09.08.2011)



ഫാ. ചാണ്ടി
കുരിശുംമൂട്ടിൽ (17.08.2018)



ഫാ. അലക്സ്
മണക്കാട്ടുമറ്റം (19.08.2007)



ഫാ. അഗസ്റ്റിൻ
തുരുത്തിമറ്റം
(22.08.2005)



ഫാ. ജോസഫ്
കോഴിക്കോട്ട്
(25.08.2010)



ഫാ. തോമസ്
കൊച്ചുപറമ്പിൽ
(28.08.2023)

# ആദരാഞ്ജലികൾ

**ഫാ. കുര്യൻ തലച്ചിറക്കുഴി**



**ഈശോയുടെ പൗരോഹിത്യത്തെ അസാധാരണമായ സാധാരണത്വത്തിലൂടെ നമുക്ക് മുൻപിൽ കുറിച്ചിട്ട് കടന്ന് പോയ ജീവിതം! ആരവങ്ങൾക്കും ആർഭാടങ്ങൾക്കും ആൾക്കൂട്ടങ്ങൾക്കും അതിരിട്ട ജീവിതം! നിശബ്ദതയിൽ ക്രിസ്തുവുമായി സംവദിച്ചതൊക്കെയും നിസ്വരുടെ ജീവിതവ്യഥകളായിരുന്നു എന്ന് തോന്നിപ്പിക്കുന്ന പ്രവർത്തന മണ്ഡലം!**

1943 ഫെബ്രുവരി 25 ന് പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ തലച്ചിറക്കുഴിയിൽ ചെറിയാൻ-റോസ ദമ്പതികളുടെ അഞ്ച് മക്കളിൽ രണ്ടാമനായി ജനനം. കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്ക്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം സെന്റ് ജോസഫ് പെറ്റി സെമിനാരിയിൽ ചേർന്നു. ആലുവ സെന്റ് ജോസഫ്സ്പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര തത്വശാസ്ത്ര പഠനങ്ങൾ അച്ചൻ പൂർത്തിയാക്കി. 1969 ഡിസംബർ 19 ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വെച്ച് തിരുപ്പട്ട സ്വീകരണം. കുറവിലങ്ങാട് ഇടവക ദേവാലയത്തിൽ പ്രഥമദിവ്യബലി അർപ്പിച്ച് തലച്ചിറക്കുഴി അച്ചൻ പൗരോഹിത്യ യാത്ര ആരംഭിച്ചു.

അവിഭക്ത തലശ്ശേരി രൂപതയിലെ മാനന്തവാടി കണിയാരം ഇടവകയിൽ സഹവികാരിയായി ശുശ്രൂഷ ആരംഭിച്ച കുര്യനച്ചൻ; കൊ

ണ്ടോടി, തലഞ്ഞി, തേനേരി ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. തേനേരിയിലെ ക്ഷീര കർഷക സംഘത്തിന്റെ പ്രസിഡന്റാ യും അച്ചൻ പ്രവർത്തിച്ചു. കുറവിലങ്ങാട്ട് നിന്ന് മലബാറിലേക്ക് കുടി യേറിയ തലച്ചിറക്കുഴി കുടുംബം താമരശ്ശേരിയിൽ താമസമാരംഭിച്ചു.

ഫിലിപ്പൈൻസിലെ സെന്റ് തോമസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഓറിയന്റൽ റിലീജിയൻ & കൾച്ചറിൽ അച്ചൻ ഡോക്ടറേറ്റ് നേടി. ഇക്കാലയളവിൽ ഫിലിപ്പൈൻസിലെ സാംബകിറ്റ, ഡാമർ വില്ലേജ് ഇടവകകളിൽ വികാരിയായും അച്ചൻ ശുശ്രൂഷ ചെയ്തു. ഫിലിപ്പൈൻ സ് ഡിലിമാൻ യൂണിവേഴ്സിറ്റിയിൽ സീനിയർ ലക്ചററായി സേവ നം ചെയ്തതിനൊപ്പം അച്ചൻ ജർമൻ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനവും തുടർന്നു. 1992 മുതൽ 2012 വരെ അച്ചന്റെ അജപാലനശു ശ്രൂഷ ജർമ്മനിയിലെ ഔസ്ബുർഗ് രൂപതയിലും റേഗൻസ് ബെർഗ് രൂപതയിലും ആയിരുന്നു.

2012ൽ താമരശ്ശേരി രൂപതയിൽ തിരിച്ചെത്തിയ അച്ചൻ പുതുപ്പാടി, മരഞ്ചാട്ടി, വള്ളിയാട് ഇടവകകളിൽ വികാരിയായും വേനപ്പാറ ബാ ലഭവന്റെ ഡയറക്ടറായും സേവനം ചെയ്തു. പുതുപ്പാടി വികാരിയാ യി സേവനം ചെയ്യുന്ന കാലയളവിൽ ഫിലിപ്പ്നേരി സന്ന്യാസിനി സമൂഹവുമായി സഹകരിച്ച്, സാമ്പത്തികമായി പിന്നോക്കം നിൽ ക്കുന്ന സമർഥരായ പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസതൊഴിൽ പരിശീലനം നൽകുന്ന ജോയാഹോം പദ്ധതിക്ക് രൂപ നൽകി, സമീപ പ്രദേശങ്ങളിലെ മികച്ച വിദ്യാലയങ്ങളിൽ അവർക്ക് പഠന സൗക ര്യം ഒരുക്കുകയും ചെയ്തു. 2013 ൽ താമരശ്ശേരി രൂപതയുടെ ഡയോസെഷൻ എജ്യൂക്കേഷൻ എക്സലൻസ് പ്രോഗ്രാം (DEEP) എന്ന പ്രോജക്ട് ആരംഭിക്കുകയും സമർഥരായ വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസ തൊഴിൽ പരിശീലന പിന്തുണാ സഹായങ്ങൾ നൽകു കയും ചെയ്തു. ഈ പ്രോജക്ടുകളിലൂടെ പരിശീലനം നേടിയവർ സ്വദേശത്തും വിദേശത്തുമായി സേവനം ചെയ്യുന്നു.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ട് പോകുന്നവർക്ക് കൂട്ടാകാൻ 2019ൽ താമരശ്ശേരി പുല്ലാഞ്ഞിമേട് തലച്ചിറക്കുഴിയച്ചൻ ആരംഭിച്ച നൂതന സംരംഭമായിരുന്നു ഒയാസിസ് സീനിയർ കെയർ ഹോം. നിത്യം വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന ദൈവകൂടാരത്തിന് ചുറ്റും

വില്ലകൾ സ്ഥാപിച്ച്, ഏകാന്തത വിരസമാക്കിയ ജീവിതങ്ങൾക്ക് അഭയമരുളുകയായിരുന്നു അച്ചൻ. പ്രദേശത്തിന്റെ മുഖഛായമാറ്റി, നാട്ടുകാരെ ചേർത്ത് പിടിച്ച്, നന്മനിറച്ച സ്നേഹക്കൂടാരത്തിന്റെ സ്ഥാപകനും സ്പോൺസറും പ്രഥമ ഡയറക്ടറും എല്ലാം തലച്ചിറക്കുഴിയച്ചൻ തന്നെയായിരുന്നു.

പുതുപ്പാടിയിൽ പുതിയ പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അച്ചൻ തുടക്കം കുറിച്ചു. മരഞ്ചാട്ടി ഇടവകയിൽ വികാരിയായിരുന്ന കാലത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളിനെ നവീകരിക്കുകയും സ്വന്തമായി വാഹന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. വള്ളിയാട് ഇടവകയിൽ പള്ളി മുറിയുടേയും കടമുറികളുടേയും നിർമ്മാണ പ്രവർത്തനവും പാരീഷ് ഹാളിന്റെ അവസാനഘട്ട പണികൾ പൂർത്തികരിച്ച് വെഞ്ചരിപ്പും അച്ചന്റെ നേതൃത്വത്തിൽ നടന്നു. വേനപ്പാറയിലെ സെന്റ് ജോസഫ് ഓർഫനേജിന് ദീർഘകാലം സാമ്പത്തിക സഹായം നൽകിയത് കുര്യച്ചനായിരുന്നു.

വലിയ സൗഹൃദ വലയം അച്ചന്റെ കരുത്തായിരുന്നു. അവരുടെ സുഖദുഃഖങ്ങൾ അച്ചന്റേത് കൂടിയായി. തീരുമാനങ്ങളും നിലപാടുകളും ആരെയെങ്കിലും വേദനിപ്പിച്ചെന്ന് തോന്നിയാൽ, എത്രയും വേഗം അവരെ കണ്ട് രമ്യതപ്പെടുന്ന അച്ചന്റെ മനോഭാവം വലിയ പ്രചോദനമാണ്. അച്ചന്റെ അറിവും ചിന്തകളും കാഴ്ചപ്പാടുകളും നമ്മുടെ പ്രയാണത്തിൽ ശക്തിയും ചൈതന്യവും അതിലുപരി വലിയ സുവിശേഷ പ്രഘോഷണവുമായിരുന്നു. പരാതിയും പരിഭവങ്ങളുമില്ലാതെ രോഗ പീഡകളെ സ്വീകരിച്ച അച്ചൻ, സഹനങ്ങളുടെ സഹയാത്രികർക്കായി അവസാനം വരെ അദ്ധ്വാനിച്ചു. കുര്യൻ തലച്ചിറക്കുഴി അച്ചനിലൂടെ ദൈവം നൽകിയ അനന്തകാരുണ്യത്തിന് നന്ദി.

2026 ജൂലൈ 6 ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട കുര്യനച്ചൻ, ജീവിതം കൊണ്ട് പകുത്തേകിയ നന്മകളെ കരുതലോടെ കൊണ്ടുനടക്കാൻ നമുക്ക് പരിശ്രമിക്കാം. ഞാൻ നട്ടു, അപ്പോളസ് നനച്ചു, എന്നാൽ, ദൈവമാണ് വളർത്തിയത്. നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം (1 കോറി 3:6,7) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അന്വർഥമാക്കി സുവിശേഷത്തിന്റെ തിരുയാത്രാപൂർത്തിയാക്കിയ പ്രിയപ്പെട്ട കുര്യനച്ചന് പ്രണാമം.

# ആദരാഞ്ജലികൾ

## ഫാ. ജെയിംസ് വാമറ്റത്തിൽ



**സൗഹൃദങ്ങളുടെ സ്നേഹിതനായിരുന്ന മഹത്‌വ്യക്തിത്വം. ഇടവകയിലെ കുഞ്ഞുമക്കൾ തുടങ്ങി രോഗശയ്യയിൽ ആയിരുന്നവർ വരെ ഈ സൗഹൃദത്തിന്റെ മാധുര്യം നുകർന്നു. സൗമ്യമായ പെരുമാറ്റം, ആത്മാർത്ഥമായ വാക്കുകൾ, നിർമലമായ സ്നേഹം, കണക്കുകളിലെ സുതാര്യത, വാക്കുകളിലെ വ്യക്തത, ബന്ധങ്ങളിലെ നിർമ്മലത, ഇവയെല്ലാം ആ വ്യക്തിപ്രഭാവത്തിന്റെ പ്രതിഫലനമത്രെ..**

1965 ഒക്ടോബർ 29 ന് പുല്ലൂരാംപാറ വാമറ്റത്തിൽ പരേതരായ വർക്കി മേരി ദമ്പതികളുടെ മൂന്നുമക്കളിൽ രണ്ടാമനായി ജെയിംസച്ചൻ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പുല്ലൂരാംപാറ സെന്റ് ജോസഫ് സ്കൂളിൽ നിന്നും പൂർത്തിയാക്കിയ ശേഷം 1982 ൽ തലശ്ശേരി അതിരൂപതയിലെ സെന്റ് ജോസഫ് മൈനസ് സെമിനാരി പഠനം ആരംഭിച്ചു. കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1992 ഡിസംബർ 29ന് പുല്ലൂരാംപാറ ഇടവകയിൽ വച്ച് താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിൽ നിന്ന് വൈദിക പട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

മരിയാപുരം ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ദൗത്യം ആരംഭിച്ച ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ പനംപ്ലാവ്,

തിരൂർ, വെറ്റിലപ്പാറ, മഞ്ഞുവയൽ, കൂടരഞ്ഞി, പെരിന്തൽമണ്ണ, കൂരാച്ചുണ്ട്, മരിയാപുരം എന്നീ ഇടവകകളിൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതിനിടയിൽ പൂനെ നാഷണൽ വൊക്കേഷൻ സർവീസ് സെന്ററിൽ സ്പിരിച്വാലിറ്റിയിൽ ഉന്നത പഠനം നടത്തിയ ജയിംസ് അച്ചൻ താമരശ്ശേരി സെന്റ അൽഫോൻസാ മൈനർ സെമിനാരിയിൽ സ്റ്റാഫ് മെമ്പറും തുടർന്ന് സെമിനാരി സ്പിരിച്വൽ ഡയറക്ടറായും സേവനം ചെയ്തു. ഇക്കാലയളവിൽ കുറഞ്ഞ മാസങ്ങളിൽ മരുതോങ്കര ഇടവകയിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. താമരശ്ശേരി രൂപതയുടെ ഇന്റേണൽ ഓഡിറ്ററായും രൂപത കൺസൾട്ടറായും പ്രവർത്തിച്ച ബഹുമാനപ്പെട്ട ജെയിംസ് അച്ചൻ രൂപതയുടെ പ്രെസ്ബിറ്ററൽ കൗൺസിലിലെയും, പാസ്റ്ററൽ കൗൺസിലിലെയും സജീവ അംഗമായിരുന്നു. മരിയാപുരം ഇടവകയിലെ വികാരിയയായി സേവനം ചെയ്തു വരവേ 2024 ൽ ആരോഗ്യപരമായ കാരണങ്ങളാൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമം ജീവിതം നയിക്കുകയായിരുന്നു. തികഞ്ഞ ഒരുക്കത്തോട് കൂടി 2026 ജൂലൈ 23ന് ധന്യമായ ജീവിതം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ജീവിതം മറ്റുള്ളവർക്കായി പകർന്നു നൽകണമെന്ന് സുവിശേഷവാക്യം അന്വർത്ഥമാക്കി, കഠിനാധ്വാനവും, നേതൃപാടവവും കൊണ്ട് നമുക്കെല്ലാവർക്കും മാതൃകയായ ജീവിതമായിരുന്നു ജയിംസ് വാമറ്റത്തിൽ അച്ചന്റേത്. വാക്കിലും പ്രവർത്തിയിലും നിർമ്മലമായ ആത്മീയ വഴികൾ തെളിച്ചെടുത്ത് ഇടയ ശ്രേഷ്ഠൻ ആയിരുന്നു ജയിംസ് അച്ചൻ. സേവനം ചെയ്ത ഇടവകകളിലെല്ലാം ഇടവക ജനങ്ങളെ ആത്മീയമായി വളർത്തുവാനും കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും കൂട്ടായ്മയും നിലനിർത്തുവാനും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പല സ്ഥലങ്ങളിലായി ചിതറി കിടന്നിരുന്ന തിരൂർ ഇടവക ജനങ്ങളെ ഒന്നിച്ച് ചേർത്ത് വിവിധ വാർഡുകൾ ആയി തിരിച്ച് അവരെ ഒന്നിപ്പിച്ചതും, വെറ്റിലപ്പാറ ഇടവകയിൽ ഇന്ന് കാണുന്ന മനോഹരമായ കുരിശുപള്ളി സ്ഥാപിച്ചതും, പള്ളിക്ക് വരുമാന ലഭിക്കുന്നതിനായി ഷോപ്പിംഗ് കോംപ്ലക്സ് പണികഴിപ്പിച്ചതും, സെമിത്തേരിയിൽ പുതിയ കല്ലറകൾ കല്ലറകൾ പണികഴിപ്പിച്ചതും എല്ലാം ജെയിംസ് അച്ചന്റെ ദൃഢനിശ്ചയത്തിന്റെയും ദീർഘവീക്ഷ

ണത്തിന്റെയും ഉദാഹരണങ്ങളാണ്. തന്നെ ഏൽപ്പിച്ച എല്ലാ ഉത്തര വാദിത്വങ്ങളും തികഞ്ഞ ആത്മാർത്ഥതയോടും വിശ്വസ്തതയോടെ കൂടി പൂർത്തിയാക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. കണ്ടുമുട്ടുന്ന എല്ലാവരെയും ശാന്തമായി നിറപുഞ്ചിരിയോടെ സ്വീകരിക്കുവാൻ അച്ചന് കഴിയുമായിരുന്നു. ഒരപ്പനെ പോലെയും ജ്യേഷ്ഠനെ പോലെയും സുഹൃത്തിനെ പോലെയും കൊച്ചു കുഞ്ഞുങ്ങളെ പോലെയും പെരുമാറുവാൻ ജെയിംസ് അച്ചന് അപാരമായ സിദ്ധിയുണ്ടായിരുന്നു.

സേവനം ചെയ്ത ഇടങ്ങളിലെല്ലാം ആത്മീയമായി വളർത്തുവാനും കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും കൂട്ടായ്മയും നിലനിർത്തുവാനും പരിശ്രമിച്ച വ്യക്തിയായിരുന്നു ജെയിംസ് വാമറ്റത്തിൽ അച്ചൻ. എല്ലാ ഇടവകകളിലെയും ജനപ്രിയനായ ഒരു വൈദികനായിരുന്നു അദ്ദേഹം. പ്രാർഥനയുടെയും ആത്മീയതയുടെയും പ്രതിപുരുഷനായ ജെയിംസച്ചൻ ഏകാന്തനായി കുമ്പസാരക്കൂട്ടിൽ ഇരുന്ന് പ്രാർഥിക്കുന്നത് മിക്ക ഇടവകകളിലും വിശ്വാസികൾ കണ്ടുശീലിച്ച കാഴ്ചകളാണ്. രോഗാവസ്ഥയിലും സഹിക്കാൻ കഴിയുന്നതിലും വേദന നിറഞ്ഞ അനുഭവങ്ങളിലും വേദനകുറയ്ക്കുന്ന മരുന്നുകൾ പോലും നല്കാൻ കഴിയാത്ത അവസ്ഥയിലും ആ വേദനകളെ ഹൃദയത്തോട് ചേർത്ത് സഹിക്കുന്നതായിരുന്നു അച്ചന്റെ പ്രകൃതം.

സൗഹൃദങ്ങളുടെ സ്നേഹിതനായിരുന്നു വാമറ്റത്തിൽ അച്ചൻ. ഇടവകയിലെ കുഞ്ഞുമക്കൾ തുടങ്ങി രോഗശയ്യയിൽ ആയിരുന്നവർ വരെ അച്ചന്റെ സുഹൃത്തുക്കളായിരുന്നു. സൗമ്യമായ പെരുമാറ്റം, ആത്മാർത്ഥമായ വാക്കുകൾ, നിർമലമായ സ്നേഹം, കണക്കുകളിലെ സുതാര്യത, വാക്കുകളിലെ വ്യക്തത, ബന്ധങ്ങളിലെ നിർമ്മലത, ഇവയെല്ലാം അച്ചന്റെ വ്യക്തിപ്രഭാവം വർധിപ്പിച്ചിരുന്നു. വേദനയുടെ തീഷ്ണതയിലും യാതൊരു പരിഭവമോ പരാതിയോ ഇല്ലാതെ പ്രാർഥനയുടെയും സ്നേഹത്തിന്റെയും കരുത്തിൽ മറ്റുള്ളവർക്ക് ആത്മധൈര്യം പകരുവാനും അച്ചന് സാധിച്ചു.

പ്രിയപ്പെട്ട ജയിംസ് അച്ചാ അങ്ങയുടെ വിശുദ്ധമായ ജീവിതത്തെ ഓർത്ത് ഞങ്ങൾ അഭിമാനിക്കുന്നു. പറുദീസയുടെ നിത്യ പുരോഹിതനായ ഈശോ അങ്ങയുടെ കരം പിടിച്ച് ആനയിക്കട്ടെ! അങ്ങയുടെ ദീപ്തമായ ഓർമ്മകൾക്ക് മുൻപിൽ ബാഷ്പാഞ്ജലികൾ.

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

രൂപതയുടെ 13-ാം പ്രസ്ബിറ്ററൽ കൗൺസിലിന്റെ രണ്ടാമത് യോഗം 2026 ജൂൺ 24 ന് രൂപതാഭവനിൽ ചേർന്നു. രാവിലെ 10.30 ന് ബഹു. ഫാ. കുര്യൻ ചെറുശ്ശേരിയുടെ പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിന് വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ സ്വാഗതം ആശംസിച്ചു. കേരളസർക്കാരിന്റെ ലഹരി വിരുദ്ധ പോരാട്ടത്തിൽ ഓപ്പറേഷൻ തൂഫാൻ അംബാസിഡറായ അഭിവന്ദ്യ പിതാവിനെ അനുമോദിച്ച ജനറളാച്ചൻ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ രൂപതയുടെ എല്ലാ അജപാലന സംവിധാനങ്ങളും പൂർണ്ണമായും പങ്കാളികളാകണമെന്ന് അഭ്യർഥിച്ചു. ആമുഖ പ്രഭാഷണത്തിൽ, അഭിവന്ദ്യ പിതാവ് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ലക്ഷ്യങ്ങളെ പരാമർശിക്കുകയും ദൈവജനത്തിന്റെ സമഗ്രപുരോഗതിക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ ആഹ്വാനം നൽകുകയും ചെയ്തു. വൈദികസമിതിയുടെ വിജയം അംഗങ്ങളുടെ സജീവമായ പങ്കാളിത്തവും ക്രിയാത്മകമായ നിർദ്ദേശങ്ങളുമാണ്. പൗരോഹിത്യ, സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിയുടെ കുറവ് നമ്മൾ ആഴമായ വിചിന്തനത്തിന് വിധേയമാക്കണം. വൈദികരും സമർപ്പിതരും ദൈവജനവും ഒരുമയോടെ പ്രവർത്തിച്ചാൽ ആദിമ സഭയുടെ ചൈതന്യത്തിൽ സമുദായ ശാക്തീകരണവും നവസുവിശേഷവത്ക്കരണവും സാധ്യമാകുമെന്ന് അഭിവന്ദ്യ പിതാവ് പങ്കുവച്ചു.

13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒന്നാമത് യോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ബഹു. ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു. റിപ്പോർട്ടിനെ അധികരിച്ചുള്ള ആലോചനയ്ക്കുശേഷം 13-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ രണ്ടാമത് യോഗം അജണ്ടയെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ ആരംഭിച്ചു.

*1. മാനവമഹത്വം:* പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാ

പ്പയുടെ പ്രഥമ ചാക്രികലേഖനത്തെ രൂപത പ്രൊകുറേറ്റർ ബഹു. ഫാ. ജോർജ് മുണ്ടനാട്ട് വൈദികസമിതിയിൽ പരിചയപ്പെടുത്തി. നിർമ്മിതബുദ്ധിയുടെ സാധ്യതകളും വെല്ലുവിളികളും വിശദീകരിച്ച അദ്ദേഹം അതിന്റെ ഉപയോഗം എപ്രകാരം അജപാലനസംവിധാനങ്ങൾക്ക് പ്രയോജനമാകുമെന്ന് പങ്കുവെച്ചു. നിർമ്മിതബുദ്ധിയുടെ വ്യാപനം ചർച്ചയ്ക്ക് വിധേയമാക്കിയ പ്രസ്ബിറ്ററൽ കൗൺസിൽ പ്രസ്തുത വിഷയത്തെ അധികരിച്ചുള്ള തുടർപഠനം വൈദികസമ്മേളനത്തിൽ ഒരുക്കുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടു.

*2. ഓപ്പറേഷൻ തൂഫാൻ:* കേരളസർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ലഹരി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഓപ്പറേഷൻ തൂഫാനെപ്പറ്റിയും രൂപതയുടെ ആഭിമുഖ്യത്തിലുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും മദ്യ-ലഹരി വിരുദ്ധ സമിതി ഡയറക്ടർ ഫാ. അഗസ്റ്റിൻ മച്ചുകുഴി യോഗത്തിൽ വിശദീകരിച്ചു. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ നേതൃത്വകാലഘട്ടം മുതൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ നമ്മുടെ പ്രദേശം സജീവമാണ്. ബോധവത്ക്കരണ ക്ലാസ്സുകൾ കലാലയങ്ങളുടെയും പള്ളികളുടെയും ആഭിമുഖ്യത്തിൽ ഇപ്പോൾ സംഘടിപ്പിക്കുന്നുണ്ട്. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ യുവജനങ്ങൾക്കുവേണ്ടി സെമിനാറുകൾ സംഘടിപ്പിക്കാനുള്ള മദ്യ-ലഹരി വിരുദ്ധ സമിതിയുടെ ഉദ്യമത്തെ സ്വാഗതം ചെയ്ത വൈദികസമിതി എല്ലാ ഇടവകകളിലും ജാഗ്രതാസമിതി രൂപീകരിക്കുന്നത് ഉചിതമാണെന്ന് അഭിപ്രായപ്പെടുകയും മതബോധനകേന്ദ്രം ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ ബോധവത്ക്കരണ ക്ലാസുകൾ നല്കാൻ നിർദേശിക്കുകയും ചെയ്തു.

*3. വി. കുർബാനയിലുള്ള പങ്കാളിത്തം:* ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും വി. കുർബാനയിലും മറ്റ് ശുശ്രൂഷകളിലുമുള്ള ഇടവക സമൂഹത്തിന്റെ സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തം വൈദികസമിതി ചർച്ചയ്ക്ക് വിധേയമായി. കടമുള്ള ദിവസങ്ങളുടെ ശരിയായ നിർവഹണം ആധുനിക തലമുറ നിസ്സാരകാരണങ്ങളാൽ പാലിക്കാതെ പോകുന്നുണ്ടോ എന്ന് വിലയിരുത്തണം. വിവിധ ഇടവകകളുടെ സാഹചര്യങ്ങൾ പരിശോധിച്ച സമ്മേളനം പ്രസ്തുത അജപാ

ലന പ്രശ്നം പഠിക്കാൻ പാസ്റ്റർ കോർഡിനേറ്റർ ഫാ. തോമസ് ചില മ്പിക്കുന്നേലിന് ചുമതല നല്കി.

*4. നവീകരണ മുന്നേറ്റം:* കെ.സി.ബി.സി. കരിസ്മാറ്റിക് മൂവ്മെന്റു മായി ബന്ധപ്പെട്ട് രൂപതയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നവീക രണ പ്രവർത്തനങ്ങളെ ഡയറക്ടർ ഫാ. മാത്യു മുളങ്ങാശ്ശേരി സമ്മേ ളനത്തിൽ പരിചയപ്പെടുത്തി. 50 വർഷത്തെ ദീർഘമായ നവീകരണ മുന്നേറ്റമാണ് കരിസ്മാറ്റ് മേഖലയിൽ താമരശ്ശേരി രൂപതയ്ക്കുള്ള ത്. ഫൊറോനകളിൽ ജാഗരണ പ്രാർഥനകൾ എല്ലാ മാസവും ഒരു ക്കുന്നത് അഭിനന്ദനാർഹമാണെന്ന് നിരീക്ഷിച്ച സമ്മേളനം എല്ലാ ഇടവകകളിലും പ്രാർഥനാഗ്രൂപ്പുകൾ ആരംഭിക്കണമെന്നും നിർദ്ദേ ശിച്ചു.

*5. വിശ്വാസപരിശീലന വാർഷിക പരീക്ഷ:* മതബോധനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന വാർഷിക പരീക്ഷ, ഫെബ്രുവരി മാസം നടത്തണമെന്ന നിർദേശം കൗൺസിൽ ചർച്ചചെയ്തു. വിഷയ ത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ച സമ്മേളനം പ്രായോഗിക കാരണങ്ങളാൽ നിലവിൽ നടക്കുന്നതുപോലെ വിശ്വാസോത്സവത്തെ തുടർന്ന് വാർഷിക പരീക്ഷ നടത്താമെന്ന് തീരുമാനിച്ചു.

*6. മിഷൻ അപ്പീൽ:* നമ്മുടെ രൂപത അതിർക്കുള്ളിൽ മറ്റ് വൈദികർ അവരുടെ ഇടവകയ്ക്കായുള്ള/സ്ഥാപനത്തിനായുള്ള ധനസമാഹര ണാർഥം നമ്മുടെ ദൈവാലയങ്ങൾ സന്ദർശിച്ച് മിഷൻ അപ്പീൽ നട ത്തുന്നതിന്റെ പ്രായോഗിക വശങ്ങൾ സമ്മേളനം ചർച്ച ചെയ്തു. അപ്രകാരം, മിഷൻ അപ്പീൽ നടത്തുന്നതിന് രൂപതാധ്യക്ഷന്റെ അനു വാദം വാങ്ങണമെന്ന് വൈദിക സമിതി നിർദേശിച്ചു.

*7. സംരംഭകരെ പ്രോത്സാഹിപ്പിക്കൽ:* രൂപതയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ ചെയ്യാമെന്നുള്ള വിവിധങ്ങളായ നിർദ്ദേശങ്ങൾ സമ്മേളനം ചർച്ചചെയ്തു. പ്രത്യേക സാമ്പത്തിക ഇട നാഴി രൂപപ്പെടുത്തുന്നത് യുവജനങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുമെന്ന് വിലയിരുത്തിയ വൈദികസമിതി അതിന് ആവശ്യമായ സ്ഥലവും അനുവാദവും ലഭ്യമാകുന്ന മുറയ്ക്ക് അവയ്ക്ക് നേതൃത്വം നൽകണമെന്ന് തീരുമാനിച്ചു.

8. ഇടവകകളിലെ താൽക്കാലിക വാസക്കാർ: വ്യക്തിയോ, കുടും

ബമോ സ്ഥിരാംഗമായിരിക്കുന്ന ഇടവകയിൽ നിന്ന് ജോലി, പഠനം മുതലായ ആവശ്യങ്ങൾക്കായി മറ്റൊരു ഇടവകയിലേക്ക് മാറി താമസിക്കുന്ന ഹ്രസ്വമായ കാലഘട്ടത്തിൽ ആവശ്യമായ അജപാലനശുശ്രൂഷകളെ സംബന്ധിച്ച് പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്തു. ഇപ്രകാരം താമസിക്കുന്നവർ ഇടവകാംഗത്വം സ്വീകരിക്കുന്നില്ല എന്നുള്ളത് അവരുടെ അജപാലന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഹ്രസ്വകാല വാസത്തിലുള്ളവരുടെ ആത്മീയ അജപാലന കാര്യങ്ങൾക്കായി ആവശ്യമെങ്കിൽ ഇടവകകളിൽ താൽക്കാലിക ഇടവകാംഗത്വരജിസ്റ്റർ ഉണ്ടായിരിക്കണമെന്ന് നിർദേശിച്ച വൈദികസമിതി അതിനാവശ്യമായ കാര്യങ്ങൾ രൂപപ്പെടുത്താൻ പാസ്റ്ററൽ കോർഡിനേറ്റർ ഫാ. തോമസ് ചിലമ്പിക്കുന്നേലിനെ ചുമതലപ്പെടുത്തി.

***9. മാധ്യമ പ്രേഷിതത്വം:*** രൂപത മാധ്യമ പ്രേഷിതത്വത്തിന്റെ പ്രവർത്തനങ്ങൾ ഡയറക്ടർ ഫാ. ചാക്കോ മുണ്ടക്കൽ സമ്മേളനത്തിൽ പങ്കുവെച്ചു. നിരവധി പ്രസിദ്ധീകരണങ്ങളിലൂടെയും ആധുനിക സാമൂഹ്യ മാധ്യമങ്ങളിലൂടെയും ശ്രദ്ധയമായ നിലപാടുകളിലൂടെയും കാര്യക്ഷമമായി പ്രവർത്തിക്കുന്ന മീഡിയ അപ്പോസ്തോലേറ്റിനെ പ്രശംസിച്ച വൈദികസമിതി മാധ്യമപ്രേഷിതത്വത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് സർവ്വപിന്തുണയും നല്കി. മലബാർ വിഷന്റെ പ്രവർത്തന സാധ്യതകളെ വിപുലപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനയിൽ പ്രസ്തുത വിഷയം പ്രസ്ബിത്തേരിയത്തിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കാൻ വൈദികസമിതി നിർദേശിച്ചു.

***10. വടകര സെന്റ് ജോൺസ് ഇടവക:*** അജപാലന സൗകര്യാർഥം, വിലങ്ങാട് ഫൊറോനയിൽ നിന്ന് മരുതോങ്കര ഫൊറോനയിലേക്ക് മാറാനുള്ള വടകര ഇടവകയുടെ അപേക്ഷ പരിഗണിച്ച സമ്മേളനം അതിനുള്ള അനുവാദം നൽകാൻ തീരുമാനിച്ചു.

***11. മരുതോങ്കര സെന്റ് മേരീസ് ഫൊറോന ഇടവക:*** ഒരു നൂറ്റാണ്ടു പിന്നിടുന്ന മരുതോങ്കര ഇടവകയെ മരിയൻ തീർഥാടന കേന്ദ്രമാക്കി ഉയർത്തണമെന്ന അപേക്ഷ ചർച്ചചെയ്ത വൈദിക സമിതി ഇപ്പോൾ പ്രഖ്യാപനം ആവശ്യമില്ലായെന്നും വേണ്ടിവന്നാൽ പിന്നീട് പരിഗണിക്കാമെന്നും തീരുമാനിച്ചു.

***12. ഭരണങ്ങാനം തീർഥാടനം, വിയാനി ദിനാചരണം:*** താമരശ്ശേരി രൂപതയുടെ സ്വർഗീയ മധ്യസ്ഥയായ വി. അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനത്തേയ്ക്ക് എല്ലാ വർഷവും നടത്തുന്ന തീർഥയാത്ര ഈ വർഷം ജൂലൈ 21 ന് പരമാവധി ദൈവജന പങ്കാളിത്തത്തോടെ നടത്താമെന്നും, ഇടവക വൈദികരുടെ സ്വർഗീയ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാചരണം വൈദികരുടെ കൂട്ടായ്മയിൽ ജൂലൈ 29 ന് സംഘടിപ്പിക്കാമെന്നും സമ്മേളനം നിർദ്ദേശിച്ചു.

***13. ശൂന്യവേള:*** a) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജനസംഖ്യാകണക്കെടുപ്പിൽ വിദേശത്ത് ജോലിസംബന്ധമായി താമസിക്കുന്നവരുടെ വിവരങ്ങൾക്കൂടി ഉൾപ്പെടുത്താൻ ഓരോ ഇടവകയും നടപടികൾ സ്വീകരിക്കണമെന്നുള്ള ആവശ്യം യോഗത്തിൽ ചർച്ചചെയ്തു. b) എയ്ഡർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സമുദായ സമുന്നതി പദ്ധതിക്ക് സർവ്വ പിന്തുണയും നല്കാൻ സമ്മേളനം തീരുമാനിച്ചു. c) സമുദായംഗങ്ങൾക്ക് അപേക്ഷിക്കാവുന്ന രീതിയിൽ മസ്ദൂർ തസ്തികയിലേക്കുള്ള ഒഴിവുകൾ എല്ലാവരെയും അറിയിക്കേണ്ടത് ആവശ്യമാണെന്ന് ചർച്ച ചെയ്ത യോഗം പി.എസ്.സി. പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നത് ഉചിതമാണെന്ന് നിർദേശിച്ചു. ഇതിന ു വരുന്ന തുക എത്രയാണെന്നും എപ്രകാരം നടപ്പിൽ വരുത്താമെന്നും പഠിക്കാൻ എയ്ഡർ എജ്യു. ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിയെ യോഗം ചുമതലപ്പെടുത്തി. d) സംഘടനകളെ സാമ്പത്തികമായി സഹായിക്കാൻ കൂപ്പൺവിതരണം പോലെയുള്ള വരുമാനമാർഗങ്ങൾ സംഘടിപ്പിക്കുമ്പോൾ മറ്റു സംഘടനകളുമായി ധാരണയിലാകണമെന്ന് യോഗം നിർദേശിച്ചു. e) കുടുംബക്കൂട്ടായ്മ പ്രോഗ്രാമുകളുടെ ചിത്രങ്ങളും വീഡിയോകളും രൂപത മാധ്യമപ്രേഷിതത്വത്തിന്റെ സഹായത്തോടെ സുവിശേഷവത്ക്കരണത്തിന് ഉതകുന്ന രീതിയിൽ പ്രചരിപ്പിക്കണമെന്നുള്ള വിഷയവും യോഗം ചർച്ച ചെയ്തു. f) പ്രോ-ലൈഫ് പ്രേഷിതത്വത്തിന്റെ കുഞ്ഞിനൊരു കൈത്താങ്ങ് പദ്ധതിയുടെ പുരോഗതി ചർച്ച ചെയ്ത വൈദിക സമിതി, പ്രസ്തുത വിഷയം വൈദിക സമ്മേളനത്തിൽ ആലോചന നടത്താമെന്ന് തീരുമാനിച്ചു. g) വിവിധ

സംഘടനകളുടെയും അപ്പസ്തോലേറ്റുകളുടെയും മേഖലാഡയറക്ടർമാരുടെ സമ്മേളനങ്ങൾ നടത്തുന്നത് ഉചിതമാണെന്നും യോഗം ചർച്ച ചെയ്തു.

താമരശ്ശേരി രൂപതയുടെ 13-ാമത് വൈദികസമിതിയുടെ രണ്ടാമത് യോഗത്തിന് സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ഔപചാരികമായ നന്ദി പ്രകാശിപ്പിച്ചു. ത്രിസന്ധ്യാജപ പ്രാർഥനയെ തുടർന്ന് അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ ഉച്ചകഴിഞ്ഞ് 1.15 ന് സമ്മേളനം അവസാനിച്ചു.

**ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# വിശ്വാസപരിശീലനം

### ദുക്റാന തിരുനാൾ

ജൂലൈ 3 മാർ തോമാശ്ലീഹായുടെ അനുസ്മരണ തിരുനാൾ വിവിധ ഇടവകകളിൽ വി. ബലിയോടുകൂടി ഭക്തിനിർഭരമായി ആചരിച്ചു.

### Power Cell - 1 തിരൂർ

വിശ്വാസ പരിശീലകരുടെ തുടർപരിശീലന പരിപാടിയായ Power Cell തിരൂർ ഇടവകയിൽ നടന്നു. കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ എന്നീ ഇടവകകൾ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### Power Cell - 2 മഞ്ഞക്കടവ്

മഞ്ഞക്കടവ് ഇടവകയിൽ വച്ച് നടന്ന Power Cell ൽ കൂടരഞ്ഞി, വിളക്കാംതോട്, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ് എന്നീ ഇടവകകളിൽ നിന്നും മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു. സഭയുടെ പാരമ്പര്യത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് ക്ലാസ്സുകൾ നൽകി.

### Power Cell - 3 കുറ്റിപ്പുറം

കുറ്റിപ്പുറം ഇടവകയിൽ വച്ച് നടന്ന പവർസെല്ലിൽ മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട എന്നീ ഇടവകകൾപങ്കെടുത്തു. അഭിവന്ദ്യപിതാവിന്റെ ക്ലാസ്സും സാന്നിധ്യവും ഏറെ അനുഗ്രഹപ്രദമായി.

### Power Cell - 4 കരികണ്ടൻപാറ

ഈ വിശ്വാസപരിശീലന വർഷത്തെ 4-ാമത്തെ Power Cell കരികണ്ടൻപാറ ഇടവകയിൽ നടന്നു. കൂരാച്ചുണ്ട്, കരികണ്ടൻപാറ, പാത്തിപ്പാറ, കാറ്റുള്ളമല എന്നീ ഇടവകകളിൽ നിന്ന് 65 ഓളം വിശ്വാസപരിശീലകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## Power Cell - 5 മുതുകാട്

ജൂലൈ 16 ന് മുതുകാട് ഇടവകയിൽ വച്ച് Power Cell നടന്നു. ചക്കിട്ടപ്പാറ, കുളത്തുവയൽ, മുതുകാട്, പേരാമ്പ്ര, പെരുവണ്ണാമൂഴി, നരിനട എന്നീ ഇടവകകളിൽ നിന്ന് 70 വിശ്വാസപരിശീലകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## Power Cell - 6 തെയ്യപ്പാറ

തെയ്യപ്പാറ ഇടവകയിൽ വച്ച് 6-ാമത്തെ Power Cell ജൂലൈ 20 തിങ്കളാഴ്ച്ച നടന്നു. കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട് എന്നീ ഇടവകകളിൽ നിന്ന് അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് ക്ലാസ്സുകളിലൂടെ പ്രബോധനം നൽകി.

## Power Cell - 7 നെൻമേനി

ജൂലൈ 22 ബുധനാഴ്ച്ച നെന്മേനി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായിരുന്നു.

## Power Cell - 8 പൂഴിത്തോട്

ജൂലൈ 23 ബുധനാഴ്ച്ച പശുക്കടവ് ഇടവകയിൽ വച്ച് 8-ാമത്തെ Power Cell നടന്നു. മരുതോങ്കര, ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട് എന്നീ ഇടവകകളിൽ നിന്ന് അധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## ലൂമിന 3 ചെമ്പുകടവ്

ജൂലൈ 5 ഞായറാഴ്ച്ച കോടഞ്ചേരി മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം ചെമ്പുകടവ് ദൈവാലയത്തിൽ വച്ച് നടന്നു. 100 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. ബർണാഡ് പ്രോഗ്രാമിന് നേതൃത്വം നൽകി.

## ലൂമിന 4 തോട്ടുമുക്കം

ജൂലൈ 13 ന് തോട്ടുമുക്കം മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം

മരഞ്ചാട്ടി ഇടവകയിൽ വച്ച് നടന്നു. യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### ലൂമിന 5 താമരശ്ശേരി

താമരശ്ശേരി മേഖലയിലെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം താമരശ്ശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. 110 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം യുവജനങ്ങൾക്ക് ഫലദായകമായിരുന്നു.

### ലൂമിന 6 പുല്ലൂരാംപാറ

യുവജന വിശ്വാസപരിശീലനത്തിന്റെ ഭാഗമായി തിരുവമ്പാടി മേഖലയുടെ 2-ാംമത്തെ ലൂമിന പ്രോഗ്രാം പുല്ലൂരാംപാറ ദൈവാലയത്തിൽ വച്ച് നടന്നു. പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് ഇടവകകളിലെ +1,+2 ക്ലാസ്സുകളിലെ യുവജനങ്ങളും അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരും ലൂമിന പ്രോഗ്രാമിൽ പങ്കെടുത്തു.

### ആപ്ലിക്കേഷൻ ഫോമുകൾ സമർപ്പിച്ചു

ജൂലൈ മാസത്തിൽപുസ്തകങ്ങളുടെ വിൽപ്പന നടന്നു. HCC, ACC കോഴ്സുകളുടെ ആപ്ലിക്കേഷൻ ഫോമുകൾ, ഗുരുദക്ഷിണ, question paper collection എന്നിവ വിവിധ ഇടവകകൾ മതബോധന ഓഫീസിൽ സമർപ്പിച്ചു.

### Bible Journey : 1000 ദിനങ്ങൾ

ദൈവവചനത്തെ അടുത്തറിയാൻ സംഘടിപ്പിക്കുന്ന 1000 ദിവസത്തെ ബൈബിൾ വായനയിൽ ജൂലൈ മാസത്തിൽ 31 മുതൽ 61 വരെ അധ്യായങ്ങൾ പൂർത്തിയായി. ഓരോ അദ്ധ്യായത്തോടുമൊപ്പം ലളിതമായ വ്യാഖ്യാനവും (comentary) ഉൾപ്പെടുത്തികൊണ്ടാണ് ഈ വായന മുന്നോട്ടുപോകുന്നത്. ദിനംപ്രതി വായിക്കുന്ന അധ്യായങ്ങൾ Bible Log ൽ അധ്യാപകരും കുട്ടികളും രേഖപ്പെടുത്തി വയ്ക്കുന്നുണ്ട്.

### മതബോധന ദിനം

വി. അൽഫോൻസയുടെ തിരുനാൾ ദിനമായ ജൂലൈ 28-ാം തിയതി വിവിധ ഇടവകകളിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാമുകൾ നടത്തി.

## ACC 13,14,15 Online Class

**ACC 13 :** "കേരളനവോത്ഥാനവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയത്തെ കുറിച്ച് ഫാ. ഡോ. മാത്യു കുളത്തിങ്കലും, "മരിയൻ വിശ്വാസസത്യങ്ങൾ" എന്ന വിഷയത്തെ കുറിച്ച് ഫാ. ജോസഫ് അന്തീനാടും ക്ലാസ്സ് എടുത്തു.

**ACC 14 :** "കുമ്പസാരം സംശയങ്ങളും ഉത്തരങ്ങളും" (ഭാഗം 1,2) എന്ന വിഷയത്തെ കുറിച്ച് ഫാ. ജോർജ് വെള്ളാരംകാലായിൽ ക്ലാസ്സ് എടുത്തു.

**ACC 15 :** "ഈശോമിശിഹാ ദൈവമാണ്", "വിദ്യാഭ്യാസരംഗവും ക്രൈസ്തവ സംഭാവനകളും" എന്ന വിഷയങ്ങളെ കുറിച്ച് ശ്രീ. ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

**ACC** 13,14,15 ന്റെ Online ക്ലാസ്സുകളുടെ വീഡിയോകൾ, ലൂമിന, Power Cell എന്നിവയുടെ നാല്പ്പതോളം റീലുകൾ എന്നിവ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## AUGUST 2026

| | | |
|---|---|---|
| 02 ഞായർ | - | കൈത്താക്കാലം 4-ാം ഞായർ, വൈദിക ദിനാചരണം (ഇടവകകളിൽ വൈദികരെ ആദരിക്കുന്നു) മതബോധനദിനം (ഇടവകയിൽ മതബോധനത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുന്ന പ്രോഗ്രാം നടത്തുക) |
| 09 ഞായർ | - | ACC 13, 14, 15 Online Class - 5<br>ലൂമിന 7 : കൂരാച്ചുണ്ട് മേഖല - 1 @ ചക്കിട്ടപ്പാറ (ചക്കിട്ടപ്പാറ, മുതുകാട്, പെരുവണ്ണാമൂഴി, കുളത്തുവയൽ, നരിനട, പേരാമ്പ്ര) |
| 14 വെള്ളി | - | Power Cell - 9 : മഞ്ഞുവയൽ സെന്റർ (വലിയകൊല്ലി, കൂരോട്ടുപാറ, മഞ്ഞുമല, ചെമ്പുകടവ്, മഞ്ഞുവയൽ) വി. മാക്സിമില്യൻ കോൾബേ |
| 15 ശനി | - | റൂബി ജൂബിലി പ്രോഗ്രാം - Domus Quiz |
| 16 ഞായർ | - | ലൂമിന 8 : കരുവാരകുണ്ട് മേഖല @ കരുവാരകുണ്ട് |
| 22 ശനി | - | പ്രധാന അദ്ധ്യാപക സംഗമം (Promoters Meet) |

(ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം, താമരശ്ശേരി)

29 ശനി – ACC 13, 14, 15 Online Class □6, ലൂമിന 9 : കൂരാച്ചുണ്ട് മേഖല - 2 @ കൂരാച്ചുണ്ട് (കരികണ്ടൻപാറ, കൂരാച്ചുണ്ട്, പാത്തിപ്പാറ, കാറ്റുള്ളമല), ചോദ്യപേപ്പർ കമ്മറ്റി മീറ്റിംഗ് (Q.com)

30 ഞായർ – ACC 14

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## മീഡിയ കമ്മീഷൻ

താമരശ്ശേരി മീഡിയ കമ്മിഷന്റെയും കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷന്റെയും നേതൃത്വത്തിൽ ജൂലൈ 19ന് ഞായറാഴ്ച താമരശ്ശേരി അൽഫോൻസ സ്കൂളിൽ തച്ചൻ എന്ന നാടകം പ്രദർശിപ്പിച്ചു. 1200 ആളുകൾ പ്രദർശനം കാണാൻ എത്തി. നാടകത്തിന്റെ സുഗമമായ നടത്തിപ്പിന് വേദിയും മറ്റു ക്രമീകരണങ്ങളും ചെയ്തു തന്ന അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പൽ കുര്യാക്കോസ് തയ്യിലച്ചന് കൃതഞ്ജതയർപ്പിക്കുന്നു.

### അവാർഡുകൾ

മീഡിയ കമ്മീഷൻ രൂപതയിലെ മികച്ച ബുള്ളറ്റിനുകൾക്ക് ഏർപ്പെടുത്തിയ പാരിഷ് ബുള്ളറ്റിൻ അവാർഡ് 2025, താമരശ്ശേരി അൽഫോൻസ സ്കൂളിൽ ജൂലൈ 19ന് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ റെമീജിയോസ് പിതാവ് വിതരണം ചെയ്തു. കോടഞ്ചേരി ഫൊറോനയിലെ 'സദ്വാർത്ത' മികച്ച പാരിഷ് ബുള്ളറ്റിനായി തിരഞ്ഞെടുക്കപ്പെട്ടു. തോട്ടുമുക്കം ഇടവകയുടെ 'ഇടയൻ' രണ്ടാം സ്ഥാനവും ദേവഗിരി ഇടവകയുടെ 'ദേവഗിരി ഡൈജസ്റ്റ്' മൂന്നാം സ്ഥാനവും നേടി.

## മീഡിയ അക്കാദമി

മീഡിയ പരിശീലനം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ മീഡിയ അക്കാദമിക്ക് തുടക്കം കുറിച്ചു. പിഎംഒസി ഡയറക്ടർ ഫാ. റോയി തേക്കുംകാട്ടിൽ ആദ്യ പരിശീലന ക്ലാസ് ഉദ്ഘാടനം ചെയ്തു.

## സന്യാസിനികൾക്കായുള്ള മീഡിയ പരിശീലനം

'ഡിജിറ്റൽ യുഗത്തിലെ സുവിശേഷവത്കരണം' എന്ന വിഷയത്തിൽ ബഹു. സിസ്റ്റർമാർക്കായി മീഡിയ അക്കാദമിയുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന പരിപാടി ജൂലൈ 18ന് മേരിക്കുന്ന് പിഎംഒസിയിൽ സംഘടിപ്പിച്ചു. സോഷ്യൽ മീഡിയകളിലൂടെ ക്രിസ്തീയ സന്ദേശം പ്രചരിപ്പിക്കുന്നതിനും, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും പങ്കെടുക്കുന്നവർക്ക് പ്രായോഗിക പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ലിൻസ് മുണ്ടയ്ക്കൽ, പ്രശസ്ത സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറും പാരന്റിംഗ് മെന്ററുമായ അബിൻ മൈക്കിൾ പാലാവയൽ, മലബാർ വിഷൻ അസി. എഡിറ്റർ ജിൽസൺ ജോസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സോഷ്യൽ മീഡിയ മാനേജ്മെന്റ്, കണ്ടന്റ് ക്രിയേഷൻ, മൊബൈൽ ഫോട്ടോഗ്രഫി, വീഡിയോ നിർമ്മാണം, ഡിജിറ്റൽ ബ്രാൻഡിങ്, ഐഎ ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗം തുടങ്ങിയവയും പഠന വിഷയമാക്കി.

## മലബാർ വിഷൻ വരിസംഖ്യ

2024, 2025 വർഷങ്ങളിലെ മലബാർ വിഷൻ വരിസംഖ്യ ഇനിയും നല്കാനുള്ള ഇടവകകൾ എത്രയും വേഗം അടയ്ക്കുമല്ലോ. 2026ലെ വരിസംഖ്യ ഒറ്റത്തവണയോ ഗഡുക്കളായോ സെപ്റ്റംബർ മാസത്തിലെ മലബാർ വിഷൻ ഡിസ്ട്രിബ്യൂഷനോടൊപ്പം സ്വീകരിക്കുന്നതാണ്. ഒരു കോപ്പിക്ക് 10 രൂപ വച്ച് ഒരു വർഷത്തേക്ക് 60 രൂപയാണ് വാർഷിക വരിസംഖ്യ. UPI വഴിയോ ബാങ്ക് ട്രാൻസ്ഫറായോ പണം അയ്ക്കുവാൻ താഴെ നൽകിയിരിക്കുന്ന ബാങ്ക് ഡീറ്റയിൽസ് ഉപയോഗിക്കുക.

Payment Mode : Bank Transfer
Details : Account Number: 120026042737
Name: Alphonsian Media Trust
Bank: Canara, Vellimadkunnu Br.
IFSC Code: CNRB0000839

## സെപ്റ്റംബർ ഒക്ടോബർ ലക്കം

മലബാർ വിഷൻ സെപ്റ്റംബർ - ഒക്ടോബർ ലക്കം തയ്യാറാകുന്നു. ആഗസ്റ്റ് അവസാന ആഴ്ചയോടെ ഇടവകകളിൽ എത്തിക്കും. പുതിയ കാലത്തെ പുത്തൻ സംരംഭക സാധ്യതകൾ ചർച്ച ചെയ്യുന്നതാണ് വരുന്ന ലക്കം.

## പരസ്യങ്ങൾ നൽകാൻ

മലബാർ വിഷനിൽ പരസ്യങ്ങൾ നൽകാൻ ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്: രജിൻ ജോസ് 9497564558 (മാർക്കറ്റിങ്ഹെഡ്), ഓഫീസ് 9744995553

## ഹാലോ ടിവി, വേവ്സ് മീഡിയ

വിശുദ്ധരുടെയും, പ്രധാനപെട്ട തിരുനാളുകളുടെയും വോയിസ് ഓവർ, വീഡിയോ കവറേജ്, രൂപതയുമായി ബന്ധപ്പെട്ട് നടക്കുന്ന പരിപാടികളുടെ വീഡിയോ കവറേജും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോർമുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## മലബാർ വിഷൻ യൂട്യൂബ് ചാനൽ

മലബാർ വിഷൻ യൂട്യൂബ് ചാനലിൽ രൂപതയുമായി ബന്ധപ്പെട്ട പ്രധാനപെട്ട വാർത്തകളും മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനങ്ങളും, തിരുസഭാ വാർത്തകളും കൃത്യമായി പ്രസിദ്ധീകരിക്കുന്നു.

**ഫാ. ചാക്കോ മുണ്ടയ്ക്കൽ**
ഡയറക്ടർ, മീഡിയ കമ്മീഷൻ

# സെമിനാരി വാർത്തകൾ

### ജൂലൈ 03 ദുക്റാന

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മയനുസ്മരിച്ച് സെമിനാരി കുടുംബം ദുക്റാന തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. അന്നേദിവസം മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ശ്രീ. കെ. എഫ് ജോർജ് സാഹിത്യ കലാവേദിയുടെ ഉദ്ഘാടനം നടത്തി.

### ജൂലൈ 15 റെക്ടേഴ്സ് ഡേ

സെമിനാരി കുടുംബത്തിന്റെ നാഥനായ റെക്ടർ കുര്യൻ താന്നിക്കൽ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. രാവിലെ സെമിനാരിയിലെ വൈദികർ ഒരുമിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർഥിച്ചു. വൈകുന്നേരം നടന്ന ചടങ്ങിൽ രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവും മറ്റു വൈദികരും, സന്യസ്തരും അല്മായരും പങ്കെടുത്തു.

### ജൂലൈ 19 നൊവേന ആരംഭം

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 19 മുതൽ അൽഫോൻസാമ്മയുടെ നൊവേന ചൊല്ലി സെമിനാരി കുടുംബം പ്രാർഥിച്ചു. ജൂലൈ 28 തിരുനാൾ തിരുനാൾ ദിനത്തിൽ വൈദികർ ഒരുമിച്ച് ദിവ്യബലിയർപ്പിച്ചു.

### ജൂലൈ 26 പിതാവിന്റെ ജന്മദിനം

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് സെമിനാരി കുടുംബം അഭിവന്ദ്യ പിതാവിന് പ്രാർഥനാശംസകൾ നേർന്നു.

### ജൂലൈ 30 അൽഫോൻസ ദിനാചരണം.

വി. അൽഫോൻസാമ്മയുടെ തിരുനാൾ അനുബന്ധിച്ച് മൈനർ സെ

മിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ കലാപരിപാടികൾ നടന്നു. നാടകം, മൈം, ഡാൻസ് തുടങ്ങിയ കലകളിലൂടെ വൈദിക വിദ്യാർഥികൾ വേദി സമ്പുഷ്ടമാക്കി. അഭിവന്ദ്യ പിതാവും വൈദികരും, സന്യസ്ഥരും അല്മായരും പങ്കെടുത്തു

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# യൂദിത്ത് ഫോറം

## യൂദിത്ത് ഫോറം കോടഞ്ചേരി ഫൊറോന സംഗമം നടത്തി

യൂദിത്ത് ഫോറം കോടഞ്ചേരി ശാഖയുടെ ജനറൽബോഡി യോഗം സെന്റ് മേരീസ് പാരീഷ് ഹാളിൽ നടത്തി. ഫൊറോന വികാരി ഫാ. ജോൺ ഒറവുങ്കര യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ബിന്ദു തേവടിയിൽ അധ്യക്ഷയായിരുന്നു. രൂപത ആനിമേറ്റർ സി. റെനി സി. എം. സി യൂദിത്ത് ഫോറത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചും സി. ഗീത സി.എം സി. അംഗങ്ങൾക്ക് ഊർജ്ജം പകരുന്ന മെഡിറ്റേഷൻ രീതികളെക്കുറിച്ചും ക്ലാസ്സുകൾ നൽകി. 35 ഓളം അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ ബഹു. ഫൊറോന വികാരി ഫാ. ജോൺ ഒറവുങ്കര യൂദിത്ത് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകി. ശാഖ ആനിമേറ്റർ സി. സാലി ടോം എഫ്.സി സി. പ്രവർത്തന പദ്ധതികളെക്കുറിച്ച് വിശദമായി സംസാരിച്ചു. സെക്രട്ടറി ലിസി വട്ടപ്പാറയിൽ റിപ്പോർട്ട് വായിക്കുകയും, ട്രഷറർ ലൈസമ്മ ഇയ്യാലിൽ ഏവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

### രൂപത മാനേജിങ് കമ്മിറ്റിയും മാർഗരേഖ പ്രകാശനവും

ചെറുപുഷ്പം മിഷൻലീഗ് 2026-2027 പ്രവർത്തന വർഷത്തെ രൂപത തല പ്രഥമ മാനേജിംഗ് കമ്മിറ്റിയും സി എം എൽ, തിരുബാലസഖ്യം സംഘടനകളുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനകർമവും മോൺ. അബ്രാഹം വയലിൽ നിർവഹിച്ചു. തുടർന്ന് തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമവും ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ട്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് സംഗമവും നടന്നു.

### പ്രേഷിത കൂടാരം

ജൂലൈ മാസത്തിൽ പ്രേഷിത കൂടാരം പരിപാടിയുടെ ഈ വർഷത്തെ ഉദ്ഘാടനം പൊയിലോംചാൽ ശാഖയിൽ നടത്തി. തുടർന്ന് വാലില്ലാപ്പുഴ, നെല്ലിപ്പൊയിൽ ശാഖകളിൽ പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിച്ചു.

### വി. അൽഫോൻസാമ്മയുടെ തിരുനാൾ

ജൂലൈ 28-ാം തീയതി വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ സാഘോഷം കൊണ്ടാടി. സ്വർഗീയ മധ്യസ്ഥയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരിനാളം സ്കിറ്റ് മത്സരം സംഘടിപ്പിച്ചു.

### പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കൽ മത്സരം

നിബന്ധനകൾ : രൂപത മാർഗ്ഗരേഖ അടിസ്ഥാനപ്പെടുത്തി വേണം ശാഖ മാർഗ്ഗരേഖ തയ്യാറാക്കാൻ, മാർഗ്ഗരേഖ പ്രിന്റ് എടുക്കുകയോ, എഴുതി തയ്യാറാക്കുകയോ ചെയ്യാവുന്നതാണ്, ശാഖയിലെ ജൂനിയർ ഭാരവാഹികളുമായി കൂടിയാലോചിച്ച് വേണം മാർഗ്ഗരേഖ തയ്യാറാക്കാൻ, പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കാം.

മാർക്ക് വിഭജനം

ഉള്ളടക്കം 80%, കവർ പേജ് 20%. രൂപതയിൽ എത്തിക്കേണ്ട അവസാന തീയതി 04.08.2026

### തിരിനാളം സ്കിറ്റ് മത്സരം - നിബന്ധനകൾ

വി. അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു ദൃശ്യാവതരണം ആണ് അവതരിപ്പിക്കേണ്ടത്. ശാഖയുടെ പേര്, അയയ്ക്കുന്ന ആളിന്റെ പേര്, സ്കിറ്റിന്റെ പേര് എന്നിവ ടൈപ്പു ചെയ്ത് വീഡിയോയ്ക്കൊപ്പം അയയ്ക്കേണ്ടത്.

ആശയം, അഭിനയ പാടവം, രംഗസജ്ജീകരണം, വീഡിയോ / ഓഡിയോ ക്ലാരിറ്റി, ആനുകാലിക പ്രസക്തമായ ക്രൈസ്തവ സന്ദേശം എന്നീ മാനദണ്ഡങ്ങൾ വച്ചായിരിക്കും വിലയിരുത്തൽ നടത്തുക.

പ്രോഗ്രാം നടക്കുമ്പോൾത്തന്നെ റെക്കോർഡ് ചെയ്യണമെന്നില്ല. സൗണ്ട്, ക്ലാരിറ്റി, ചെയ്യാനുള്ള സൗകര്യങ്ങൾ എന്നിവയ്ക്ക് ഏറ്റവും ഉചിതമായ മറ്റൊരു സമയത്ത് വീഡിയോ റെക്കോർഡ് ചെയ്യാവുന്നതാണ്. രണ്ടു ഭാഷകളിലായി സ്കിറ്റ് അവതരിപ്പിക്കാവുന്നതാണ്. മലയാളം/ ഇംഗ്ലീഷ്. വീഡിയോ അയയ്ക്കേണ്ട അവസാന തീയതി 10.08.2026. വീഡിയോ അയയ്ക്കേണ്ട ടെലഗ്രാം നമ്പർ: 86 06 20 31 17

### തിരുബാലസഖ്യം

തിരുബാലസഖ്യവും മിഷൻലീഗും സംയുക്തമായി ഈ വർഷം താമരശ്ശേരി രൂപതയിൽ നടത്തുന്ന 'പ്രേക്ഷിതകൂടാരം' വൺഡേ പ്രോഗ്രാമിൽ ഈ മാസവും പൊയിലോംചാൽ, മഞ്ഞുവയൽ, വാലില്ലാപ്പുഴ എന്നീ ഇടവകകൾ സന്ദർശിച്ചു.

കുട്ടികളെ വിശുദ്ധ തോമസ് ശ്ലീഹാ, വിശുദ്ധ മരിയ ഗൊരേത്തി, കർമ്മല മാതാവ്, വിശുദ്ധ യാക്കോബ് ശ്ലീഹാ എന്നീ തിരുനാളുകൾ പരിചയപ്പെടുത്തി.

**ഫാ. ജോർജ് കരിന്തോളിൽ**

ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

### ദിവ്യനാദം, തിരിനാളം - സന്ദേശങ്ങൾ

SMART അംഗങ്ങൾക്കു വേണ്ടിയുള്ള ജൂലൈ മാസത്തെ കർമ്മ പദ്ധതികൾ - 'ദിവ്യ നാദം', മാസത്തിൽ രണ്ട് തവണ പഠനത്തിനായി നൽകുന്ന (വചനം, സുകൃതജപം, പ്രാർത്ഥന നിയോഗം)- 'തിരിനാളം' എന്നിവയുടെ സന്ദേശങ്ങൾ എല്ലാ യൂണിറ്റുകളിലേക്കും നൽകി.

കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് സ്റ്റാറ്റസ് വീഡിയോ നിർമ്മിക്കുകയും ഇടവകയിലെ എല്ലാ കുട്ടികളിലേക്ക് എത്തുന്ന രീതിയിൽ ഗ്രൂപ്പുകളിലേക്ക് അയക്കുകയും ചെയ്തു.

### ഇടവക സന്ദർശനം

പൊയിലോംചാൽ, വാലില്ലാപ്പുഴ, കല്ലാനോട്, നെല്ലിപൊയിൽ എന്നീ ഇടവകകൾ സന്ദർശിക്കുകയും സ്മാർട്ട് അംഗങ്ങൾക്ക് നേതൃത്വ പരിശീലനം നൽകുകയും ചെയ്തു.

### മത്സരം

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് SMART അംഗങ്ങൾക്ക് വേണ്ടി 'സ്വർഗ്ഗത്തിൽ നിന്നൊരു സന്ദേശം' എന്ന പേരിൽ 'പോസ്റ്റ് കാർഡ്' മത്സരം സംഘടിപ്പിച്ചു.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷ സംഘം

# കെ.സി.വൈ.എം- എസ്.എം.വൈ.എം.

## ജൂലൈ 05 യുവജന ഞായർ

2026 ജൂലൈ 05 യുവജന ഞായറാഴ്ച ആചരിക്കുകയും, രൂപതയുടെ യുവജന ഞായറാഴ്ച ആഘോഷങ്ങൾ, പാറോപ്പടി മേഖലയുടെ ആതിഥേയത്വത്തിൽ കുന്ദമംഗലം ഇടവകയിൽ നടന്നു. കെസി വൈഎം രൂപത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേ രിൽ, കുന്നമംഗ ലം വികാരി ഫാ. ജോസഫ് പുളിച്ചമാക്കൽ, ഫാ. ആൽബിൻ സ്രാമ്പിക്കൽ എന്നിവർ നേതൃത്വം നൽകി.

താമരശ്ശേരി രൂപതയിലെ എല്ലാ മേഖലകളിലും യൂണിറ്റുകളിലും യുവജന ഞായറാഴ്ച ആഘോഷങ്ങൾ നടത്തുവാൻ ആഹ്വാനം ചെയ്തതിന്റെ ഭാഗമായി രൂപതയിലെ വിവിധ യൂണിറ്റുകളിൽ, യുവജന ഞായർ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും, അംഗത്വ സ്വീകരണം, അംഗത്വം നവീകരണം, ജനറൽ ബോഡിയോഗങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്തു. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ആഹ്വാനപ്രകാരം ലഹരിക്കെതിരെയുള്ള തൂഫാൻഗോൾ ചലഞ്ചും സംഘടിപ്പിച്ചു.

## സംസ്ഥാന സമിതിയുടെ യുവജന ഞായറാഴ്ച ആഘോഷം

ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ ജൂലൈ 5 ന് മുരിക്കാശ്ശേരിയിൽ വച്ച് നടന്ന കെസിവൈഎം സംസ്ഥാന സമിതിയുടെ യുവജന ദിനാഘോഷ പരിപാടികളിൽ താമരശ്ശേരി രൂപത യുവജന സംഘടനയെ പ്രതിനിധീകരിച്ച് രൂപതാ പ്രസിഡന്റ് ആൽബിൻ ജോസ് കാക്കനാട്ട്, ആനിമേറ്റർ സി. റോസീൻ SABS, സംസ്ഥാന വൈസ് പ്രസിഡന്റ് ആഗി മരിയ ജോസഫ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡെൽവിൻ, ആഗ്നസ്, ഡെൽബിൻ, അൻസിൽ, ആൻട്രീസ എന്നിവർ പങ്കെടുത്തു.

## മേഖലാ അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ

കെസിവൈഎം - എസ്എംവൈഎം സംഘടനയുടെ 2026 ആദ്യപ

കുതി വർഷത്തെ വിവിധ മേഖല പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള അർദ്ധവാർഷിക സെനറ്റ് സമ്മേളനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നടക്കുന്നു. 2026 ജൂൺ 28 ഞായറാഴ്ച, വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് മേഖലകളുടെ അർദ്ധ വാർഷിക സെനറ്റും 2026 ജൂലൈ 12 ഞായറാഴ്ച തിരുവമ്പാടി മേഖലയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനവും നടന്നു. 2026 ജൂലൈ 19 ഞായറാഴ്ച, കരുവാരകുണ്ട്, മലപ്പുറം, പെരിന്തൽമണ്ണ, മരിയാപുരം മേഖലകളുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനങ്ങൾ സംഘടിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. കുര്യൻ ചെറുശ്ശേരിൽ, രൂപത പ്രസിഡന്റ് ആൽബിൻ ജോസ് എന്നിവർ സെനറ്റ് സമ്മേളനങ്ങൾ സന്ദർശിച്ച് അഭിസംബോധന ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു.

**വരുംകാല പ്രവർത്തനങ്ങൾ**

*ജൂലൈ 26 രചന മത്സരങ്ങൾ*: രൂപത യുവജന കലോത്സവത്തിന്റെ ഭാഗമായുള്ള രചന മത്സരങ്ങൾ മേഖലാതലത്തിൽ ജൂലൈ 26 തീയതി വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു.

*ഓഗസ്റ്റ് 8 രൂപതാ അർദ്ധ വാർഷിക സെനറ്റ്*: താമരശ്ശേരി രൂപത കെസിവൈഎം എസ് എം വൈ എം സംഘടനയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ഓഗസ്റ്റ് എട്ടാം തീയതി രൂപത പാസ്റ്റർ സെൻട്രലിൽ നടത്തുന്നു.

*ഓഗസ്റ്റ് 14,15,16 സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്*: പാലാ രൂപതയിൽ വച്ച് നടത്തപ്പെടുന്നു.

*ഓഗസ്റ്റ് 22-28 മേഖല കലോത്സവം*: വിവിധ മേഖലകളുടെ കലോത്സവം ഓഗസ്റ്റ് 22 മുതൽ 28 വരെയുള്ള തീയതികളിൽ അതത് മേഖലകളിൽ സംഘടിപ്പിച്ചിരിക്കുന്നു.

*ഓഗസ്റ്റ് 28, 29, 30 വുമൺസ*: താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ സംഘടിപ്പിക്കുന്ന കെസിവൈഎം സംസ്ഥാന സമിതിയുടെ വനിതാ സംഗമം ഓഗസ്റ്റ് 28, 29, 30 തീയതികളിൽ കൈതപ്പൊയിൽ ലിസ കോളേജിലാണ് ഒരുക്കിയിരിക്കുന്നത്.

**ഫാ. കുര്യൻ ചെറുശ്ശേരിൽ**
ഡയറക്ടർ, കെ.സി.വൈ.എം-എസ്.എം.വൈ.എം

# എയ്ഡർ എഡ്യൂക്കെയർ

### 2026-27 പ്രവർത്തന വർഷ ഉദ്ഘാടനം

എയ്ഡർ എഡ്യൂക്കെയറിന്റെ 2026-27 നാലാം പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം ജൂൺ 13-ാം തീയതി ശനിയാഴ്ച അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. താമരശ്ശേരി മങ്കുഴക്കരി മെമ്മോറിയൽ പാസ്റ്ററർ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ അധ്യക്ഷത വഹിച്ചു. എയ്ഡർ എഡ്യൂക്കെയർ ഡയറക്ടർ ഫാ. മെൽവിൻ വെള്ളയ്ക്കാകുടിയിൽ സ്വാഗതം ആശംസിച്ചു. Race2IAS 9th എഡിഷനിൽ നാഷണൽ ലെവലിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ കണ്ണോത്ത് ഇടവക അംഗം ജോമിൻ ഇമ്മാനുവൽ മാത്യു അനുഭവങ്ങൾ പങ്കുവയ്ക്കുകയും മൊമെന്റോ ഏറ്റുവാങ്ങുകയും ചെയ്തു. മാതാപിതാക്കളുടെ പ്രതിനിധിയായി ശ്രീമതി റിന്റു ജേക്കബ് സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. എയ്ഡർ എഡ്യൂ കെയർ ടീം ലീഡർ സി. റീന റോസ് എഫ് സി സി കഴിഞ്ഞ വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും സി. ക്രിസ്റ്റീന എം എസ് എം ഐ പരിപാടിക്ക് നന്ദി അർപ്പിക്കുകയും സി. ജിസ്‌ലറ്റ് എം എസ് ജെ നേതൃത്വം നൽകി.

എയ്ഡർ എഡ്യുക്കെയർ ലൈഫ് ലോഞ്ച് എൻ എൽ പി ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്ന ശ്രീ. മില്ലറ്റ് എം ചാണ്ടി, സി. ഡോണ എഫ്സിസി, സി. സോന എഫ്സിസി എന്നിവരെ അക്കാദമിക് ഇയർ ഓപ്പണിംഗിനോട് അനുബന്ധിച്ചുള്ള ചടങ്ങിൽ മൊമെന്റോ നൽകി ആദരിച്ചു. അതോടൊപ്പം Race2IAS എഡിഷൻ 9th ബാച്ചിൽ രൂപതയിൽ നിന്നും നാഷണൽ ലെവലിൽ ആദ്യ 100 റാങ്കുകളിൽ വന്ന 23 കുട്ടികളും അവരുടെ മാതാപിതാക്കളും പ്രോഗ്രാമിൽ ആദരം ഏറ്റുവാങ്ങി.

## Race2IAS 9th എഡിഷൻ പരീക്ഷയിൽ താമരശ്ശേരി രൂപതയ്ക്ക് ഉന്നത വിജയം

Race 2 IAS എഡിഷൻ 9th ബാച്ചിൽ രൂപതയിൽ നിന്നും നാഷണൽ ലെവലിൽ 22 സംസ്ഥാനങ്ങളിൽ നിന്നും കുട്ടികൾ പങ്കെടുത്ത പരീക്ഷകളിൽ രൂപതയിൽ നിന്നുള്ള കുട്ടികൾ ഉന്നത വിജയം നേടി. മെയിൽസ് പരീക്ഷയും പേഴ്സണാലിറ്റി ടെസ്റ്റും വിജയകരമായി പൂർത്തിയാക്കി കണ്ണോത്ത് ഇടവകാംഗം ജോമിൻ ഇമ്മാനുവൽ മാത്യു രൂപതയിൽ അഭിമാനമായി മാറി.

### നാഷണൽ ലെവൽ റാങ്ക് ലിസ്റ്റ്

1. ജോമിൻ ഇമ്മാനുവേൽ മാത്യു കുഴുമ്പിൽ, കണ്ണോത്ത് - റാങ്ക് 3
2. ഇസബെൽ ആൻ പുതിയേടത്ത്, കോടഞ്ചേരി - റാങ്ക് 6
3. എലൻ ആൽഫി ഷാജു ചൊരിക്കാവുങ്കൽ, കാക്കവയൽ - റാങ്ക് 8
4. ദിയ മരിയ ഡൊമിനിക് എലന്തൂർ, ചെമ്പനോട - റാങ്ക് 11
5. ജോഷ്വിൻ ബ്രിജേഷ് പുത്തൻപുരയ്ക്കൽ, വലിയകൊല്ലി - റാങ്ക് 12
6. അനിറ്റ തെരേസ അജി വേലനാത്ത്, കൂരാച്ചുണ്ട് - റാങ്ക് 15
7. ഇസബെല്ല എസ് വർഗ്ഗീസ് കോട്ടൂർ, ചക്കിട്ടപ്പാറ - റാങ്ക് 25
8. കിരൺ ജോർജ് ജോജോ പേണ്ടാനത്ത്, പേരാമ്പ്ര - റാങ്ക് 32
9. എൽസ്ന രാജേഷ് കുന്നത്തേട്ട്, കാറ്റുള്ളമല - റാങ്ക് 36
10. എൽസാ മേരി ഷാജു ചൊരിക്കാവുങ്കൽ, കാക്കവയൽ - റാങ്ക് 38
11. ദൃശ്യ അന്ന ഷാജു പൈനാടത്ത്, പെരിന്തൽമണ്ണ - റാങ്ക് 43
12. സാനിയ ബെന്നി കാരിമറ്റത്തിൽ, ചക്കിട്ടപ്പാറ - റാങ്ക് 45
13. അമേയ മരിയ ഷൈജു പനച്ചിക്കൽ, പൊന്നിയാംകുറിശ്ശി - റാങ്ക് 46
15. ഡയാന ജെൻസൺ വെള്ളാപ്പള്ളിൽ, കോടഞ്ചേരി - റാങ്ക് 56
16. നിയ തെരേസ് കാരയ്ക്കാട്ട്, പെരിന്തൽമണ്ണ - റാങ്ക് 61
17. റിയോൺ സ്മിജു ഇടവഴിക്കൽ, കുണ്ടായിത്തോട് - റാങ്ക് 64
18. റെയ്ഗൺ ടി. ജേക്കബ് തൂമ്പുങ്കൽ, തിരുവമ്പാടി - റാങ്ക് 66
19. എയ്ഞ്ചൽ മേരി ബിന്നി തടത്തിനായിൽ, പയ്യനാട് - റാങ്ക് 70
20. ബനീറ്റ് ജോസഫ് ബെന്നി ഗണപതിപ്ലാക്കൽ, പുഷ്പഗിരി- റാങ്ക് 78
21. ഇവാന ജിനോ വടക്കേക്കര, മുക്കം - റാങ്ക് 84
22. ഷെഫിൻ ഷാജി പൂതാനിക്കുന്നേൽ, ചാപ്പൻതോട്ടം - റാങ്ക് 94
23. ജോഹാൻ ജുവൽ പള്ളിതാഴത്ത്, മുക്കം - റാങ്ക് 98

## ഹൃദയപൂർവം നന്ദി

എയ്ഡർ എഡ്യൂക്കെയർ ടീമിൽ കഴിഞ്ഞ മൂന്നുവർഷമായി സ്തുത്യർഹമായ സേവനം ചെയ്ത് പുതിയ പ്രവർത്തന മേഖലയിലേക്ക് കടന്നുപോകുന്ന സി. സ്നേഹ സിഎംസി, സി. ടിസി എസ്എച്ച് എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

## പ്രൊജക്റ്റ് ജെംസ് ക്ലാസുകൾ ആരംഭിച്ചു

പ്രൊജക്റ്റ് ജെംസിന്റെ ഈ വർഷത്തെ ക്ലാസുകൾ ആരംഭിച്ചു. ഏഴാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അഞ്ചുവർഷം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ 9 വിദ്യാർഥികളാണ് പരിശീലനത്തിൽ ഉള്ളത്. സിസ്റ്റർ ക്രിസ്റ്റീന എംഎസ്എംഐ പ്രൊജക്റ്റ് ജെംസ് ടീം കോഡിനേറ്ററായി മെന്ററിങ് നടത്തിവരുന്നു.

## യോഗങ്ങൾ

1. പ്രോജക്ട് ജെംസിന്റെ പ്രതിമാസ അപ്ഡേഷൻ മീറ്റിംഗ് ജൂൺ പന്ത്രണ്ടാം തീയതി നടന്നു.

2. സമുദായ സമുന്നതി പദ്ധതിയുടെ നിർവഹണ മീറ്റിംഗ് ജൂലൈ 19ന് ഓഫീസിൽ ചേർന്നു. സി. ജിസ്‌ലറ്റ്, സി. ഡോണ, സി. സോന എന്നിവർ പങ്കെടുത്തു.

3. ഇന്റർവ്യൂ വിജയിച്ച കുട്ടികൾക്കായി തയ്യാറാക്കിവരുന്ന നാല് വർഷത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിങ്ങുമായി ബന്ധപ്പെട്ട പ്രാഥമിക മീറ്റിംഗ് ജൂലൈ 20ന് ഓൺലൈനായി ചേർന്നു. Race2IAS ചെയർമാൻ ശ്രീ. ജിന്റോ മാത്യു, കണ്ടന്റ് ക്രിയേറ്റർ ശ്രീ. ശരത്, നോയൽ, നിധിൻ എന്നിവർ സെക്ഷന് നേതൃത്വം നൽകി.

## അറിയിപ്പുകൾ

1. Race2IAS എഡിഷൻ 10th എഡിഷൻ റെജിസ്ട്രേഷൻ

ഐഎഎസ് പ്രാഥമിക പരിശീലനവും പരീക്ഷയും ഉൾപ്പെടുന്ന Race 2IAS എഡിഷൻ 10th എഡിഷൻ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

ഐഎസ് സ്വപ്നങ്ങൾ കാണുന്ന കുട്ടികൾക്ക് ലഭിക്കുന്ന മികച്ച പ്രാഥമിക പരിശീലനവും ആരംഭവും ആയിരിക്കും ഈ പദ്ധതി താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുമല്ലോ. വിവരങ്ങൾക്ക് - 9645776746

### 2. സമുദായ സമുന്നതി

സമുദായ ശക്തീകരണ വർഷത്തോട് അനുബന്ധിച്ച് സാമുദായിക സമുദ്ധാരണം ലക്ഷ്യമാക്കി ഇടവകതലത്തിൽ സമുദായ സമുന്നതി എന്ന പദ്ധതിയിൽ എയ്ഡർ ടീം പങ്കാളിയാകുന്നു. കാറ്റക്കിസം കുട്ടികളെയും അവരുടെ മാതാപിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ സെഷനുകൾ ടീമിന്റെ നേതൃത്വത്തിൽ നൽകുന്നു. കുട്ടികളുടെ ആപ്റ്റിട്യൂട് ടെസ്റ്റ് വർക്ക് ഔട്ടുകൾ പ്രോഗ്രാമിൽ നടത്തുന്നതായിരിക്കും.

### 3. സിവിൽ സർവീസ് നാലുവർഷത്തെ ഫൗണ്ടേഷൻ കോച്ചിങ്

പ്രാഗത്ഭ്യമുള്ള കുട്ടികൾക്കായി നാലുവർഷം നീണ്ടുനിൽക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിംഗ് ആരംഭിക്കുന്നു. 100 മണിക്കൂറിന്റെ ഓൺലൈൻ ക്ലാസുകൾ ഉൾപ്പെടുന്ന ഈ കോച്ചിംഗ് ആഗസ്റ്റ് അവസാന ആഴ്ച ആരംഭിക്കുന്നു.

### 4. സെലക്ഷൻ പരീക്ഷ

റെയ്സ്ഡ് ടു ഐഎഎസ് എഡിഷൻ, സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിംഗ് എന്നിവ തുടങ്ങുകയാണ്. ആഗസ്റ്റ് 15ന് ഓൺലൈൻ സെലക്ഷൻ പരീക്ഷ നടത്തുന്നു. 6 മുതൽ 9 വരെ ക്ലാസുകളിലെ കാറ്റഗറി വണ്ണിലെ കുട്ടികൾക്കും 10 മുതൽ 12 വരെ കാറ്റഗറി ടുവിലെ കുട്ടികൾക്കാണ് പരീക്ഷ സംഘടിപ്പിക്കുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും മാതാപിതാക്കളും വിദ്യാർഥികളെ ഈ പരീക്ഷയിൽ പങ്കെടുപ്പിക്കുമല്ലോ.

**ഫാ. ജോർജ് വെള്ളയ്ക്കാക്കുടി**
ഡയറക്ടർ, എയ്ഡർ എഡ്യുകെയർ

# ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

ബഥാനിയായുടെ ഏറ്റവും വലിയ അനുഗ്രഹ ശുശ്രൂഷയായ അഖണ്ഡ ജപമാല സമർപ്പണത്തിന് തുടക്കംക്കുറിച്ച് ആത്മീയതയുടെ വസന്ത ദിനങ്ങൾ ജൂലൈ മാസത്തിൽ ആരംഭിച്ചു. ഇനിയുള്ള ദിനരാത്രങ്ങൾ അത്ഭുതങ്ങളുടെയും അടയാളങ്ങളുടേയും സാക്ഷ്യദിനങ്ങളാണ്.

## താമരശ്ശേരി രൂപതാ വൈദികരുടെ വാർഷിക ധ്യാനം

ജൂലൈ 5 മുതൽ 9 വരെ താമരശ്ശേരി രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നടന്നു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ നേതൃത്വത്തിൽ രൂപതയിലെ 120 ഓളം വൈദികർ ധ്യാനത്തിൽ പങ്കെടുത്തു. ഷംഷാബാദ് രൂപതയുടെ മെത്രാനായ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവാണ് ധ്യാനം നയിച്ചത്.

## ജീവിതവിശുദ്ധീകരണ ധ്യാനം

ജൂലൈ 24 മുതൽ 27 വരെ ജീവിതവിശുദ്ധീകരണ ധ്യാനം നടത്തി. അനേകം യുവജനങ്ങളും മുതിർന്നവരും ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു.

## അഖണ്ഡ ജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും

101 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന അഖണ്ഡ ജപമാല സമർപ്പണവും ദിവ്യകാരുണ്യ ആരാധനയും ജൂലൈ 16-ാം തിയതി വ്യാഴാഴ്ച ആരംഭിച്ചു. അഖണ്ഡ ജപമാല സമർപ്പണം 26-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ലോക സമാധാനവും കുടുംബ വിശുദ്ധീകരണവുമാണ് മുഖ്യ നിയോഗം. ആരംഭദിവസത്തിലെ ശുശ്രൂഷകൾക്ക്

താമരശ്ശേരി രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യ കാർമ്മികത്വം നൽകി. കോടഞ്ചേരി ഫൊറോന വികാരി ഫാ. ജോൺ ഒറവുങ്കര, ഫാ. കുര്യാക്കോസ് മുഖാലയിൽ, ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി, ഫാ. ജെയിംസ് വള്ളിക്കുന്നേൽ എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യകാരുണ്യ ഈശോയുടെ മുമ്പിൽ ആദ്യത്തെ ജപമാല ചൊല്ലിക്കൊണ്ട് അഭിവന്ദ്യ പിതാവ് ഈ വർഷത്തെ അഖണ്ഡ ജപമാലയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു. ധാരാളം വൈദികരും സന്യസ്തരും ആയിരക്കണക്കിന് ആളുകളും ശുശ്രൂഷകളിൽ പങ്കുചേർന്ന് അനുഗ്രഹീതരായി. 2026-2027 വർഷത്തെ ബഥാനിയ ശുശ്രൂഷകരുടെ സത്യപ്രതിജ്ഞയും സ്ഥാനാരോഹണവും അന്നേദിനം നടന്നു.

അഖണ്ഡ ജപമാല സമർപ്പണത്തോട് അനുബന്ധിച്ച് ബഥാനിയായിൽ എല്ലാ ദിവസവും കുമ്പസാരത്തിനും സ്പിരിച്വൽ ഷെയറിങ്ങിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ ആറിനും ഉച്ചയ്ക്ക് 12നും വൈകിട്ട് ഏഴിനും ദിവ്യബലിയർപ്പണം നടക്കും. 12 മണിക്കുള്ള ദിവ്യബലിയോടനുബന്ധിച്ച് വചനപ്രഘോഷണവും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ദിവസവും പകൽ മൂന്നിനും പുലർച്ചെ മൂന്നിനും കുരിശിന്റെ വഴിയും കരുണക്കൊന്തയും നടത്തും; എല്ലാ ദിവസവും ഉച്ചയ്ക്കും രാത്രിയും നേർച്ച ഭക്ഷണമുണ്ട്. ഒക്ടോബർ 24-ാം തീയതിയാണ് അഖണ്ഡജപമാല അർപ്പണം സമാപിക്കുന്നത്.

### ആദ്യവെള്ളി കൺവെൻഷൻ

ജൂലൈ മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച, ദുക്റാനതിരുനാൾ ദിനം അനേകം ആളുകൾ ശുശ്രൂഷകൾക്ക് എത്തിചേർന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ആദ്യവെള്ളി ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിച്വൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു. നിരവധി ആളുകൾ പങ്കെടുത്തു. ദൈവാനുഗ്രഹത്തിന്റെ നിറവനുഭവമായിരുന്നു ആദ്യവെള്ളികൺവെഷൻ.

### ഏകദിന കൺവെൻഷൻ

ജൂലൈ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. അനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. രാവിലെ 9.30 ന് ആരംഭിച്ച വെള്ളിയാഴ്ച ശുശ്രൂഷകളിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യ ശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, വി. കുർബാന, വചന സന്ദേശം, വിശുദ്ധ കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### ബഥാനിയ ശുശ്രൂഷക സംഗമം

അഖണ്ഡജപമാല അനുബന്ധ ബഥാനിയ ശുശ്രൂഷക സംഗമം ജൂലൈ 11-ാം തീയതി നടത്തപ്പെട്ടു. 2026 ജൂലൈ മുതൽ 2027 ജൂൺ വരെ ബഥാനിയായിൽ ശുശ്രൂഷ ചെയ്യാൻ തയ്യാറായവരുടെ കൂട്ടായ്മയായിരുന്നു അത്. സി. അമൽ MSMI ക്ലാസ്സുകൾ നയിച്ചു.

### ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 04 ചൊവ്വ | - | അഖണ്ഡജപമാല സമർപ്പണം 20-ാം ദിവസം |
| 07 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 14 വെള്ളി | - | ഏകദിന കൺവെൻഷൻ.<br>അഖണ്ഡജപമാല സമർപ്പണം 30-ാം ദിവസം<br>ജീവിതവിശുദ്ധീകരണ ധ്യാനം (14-17) |
| 15 ശനി | - | പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 21 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 24 തിങ്കൾ | - | അഖണ്ഡജപമാല സമർപ്പണം 40ാം ദിവസം |
| 28 വെള്ളി | - | ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (28-31) |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം



# കരിസ്മാറ്റിക് മൂവ്മെന്റ്

## സോണൽ പുനഃസംഘടന

കോഴിക്കോട് സോൺ കരിസ്മാറ്റിക് റിന്യൂവൽ സേവന സമിതിയുടെ പുന:സംഘടന, 2026 ജൂൺ 27ന് കുന്നമംഗലം സെൻറ് ജോസഫ് ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. കെ. സി. എസ്. സി. കോഡിനേറ്റർ ഫാ. ജോൺസൺ തയ്യിൽ അച്ചന്റെ നേതൃത്വത്തിലുള്ള ടീം ആണ് പുനഃസംഘടനയ്ക്ക് നേതൃത്വം നൽകിയത്.

## 2026-2028: തിരഞ്ഞെടുക്കപ്പെട്ട സേവന സമിതി അംഗങ്ങൾ

ഷാജു കാഞ്ഞിരത്തിങ്കൽ - കോഡിനേറ്റർ
ബെന്നിച്ചൻ കറുകമാലിൽ - സെക്രട്ടറി
ജേക്കബ് തോമസ്, സെൻറ് മേരീസ് വില്ല - ട്രഷറർ
ബേബി പഴംപ്പാക്കൽ, സാജൻ അറയ്ക്കപറമ്പിൽ
ജോസ് കീരിപ്പടവിൽ, ആൻസി ഇലഞ്ഞിക്കൽ
സിറ്റാമ്മ പേണ്ടാനത്ത്, സീമ ഷാലറ്റ് വെട്ടുകല്ലേൽ

## അൽഫോൻസ തീർഥാടനം

ജൂലൈ 21 ന് അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടത്തിയ ഭരണങ്ങാനം തീർഥാടനത്തിൽ കോഴിക്കോട് സോൺ കരിസ്മാറ്റിക് റിന്യൂവലിനെ പ്രതിനിധീകരിച്ച്, ആനിമേറ്റർ മിൽട്ടൺ അച്ചന്റെയും കോഡിനേറ്റർ ഷാജുവിന്റെയും നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുത്തു.

## സബ്സോൺ പുനഃസംഘടന

കോഴിക്കോട് സോണിലെ കരിസ്മാറ്റിക് റിന്യൂവലിന്റെ സബ്സോൺ തലത്തിലുള്ള പുനഃസംഘടനയുടെ തീയതി ചുവടെ ചേർക്കുന്നു.

12.08.2026 ശനി: സിറ്റി - 18.08.2026 ചൊവ്വ: കരുവാരക്കുണ്ട്

21.08.2026 വെള്ളി: വിലങ്ങാട – 25.08.2026 ചൊവ്വ: പെരിന്തൽമണ്ണ
28.08.2026 വെള്ളി: കൂരാച്ചുണ്ട് – 01.09.2026 ചൊവ്വ : കോടഞ്ചേരി
04.09.2026 വെള്ളി: മലപ്പുറം – 09.09.2026 ബുധൻ: താമരശ്ശേരി
11.09.2026 വെള്ളി: തോട്ടുമുക്കം – 15.09.2026 ചൊവ്വ: തിരുവമ്പാടി
16.09.2026 ബുധൻ : മരുതോങ്കര

## ജാഗരണ പ്രാർത്ഥന

ജൂലൈ മാസത്തിലെ ജാഗരണ പ്രാർത്ഥന, പുല്ലൂരാംപാറ ബഥാനിയായിൽ വെച്ച് ജൂലൈ 31ന് തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച്, ആഗസ്റ്റ് 1-ാം തീയതി ചൊവ്വാഴ്ച രാവിലെ അഞ്ചുമണിക്ക് വിശുദ്ധ കുർബാനയോടെ അവസാനിച്ചു.

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ആൽഫ മരിയ അക്കാദമി

## പുതിയ അധ്യയന വർഷത്തിന്റെ ഉദ്ഘാടനം

പുതിയ അധ്യയന വർഷത്തിന്റെ ഔപചാരിക ഉദ്ഘാടനം താമരശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചാനാനിയിൽ ജൂൺ 29, തിങ്കളാഴ്ച്ച നിർവഹിച്ചു. തുടർന്ന് ജർമൻ ഭാഷാപഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ സന്നിഹിതനായിരുന്ന വേദിയിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

2025-2026 അധ്യയന വർഷത്തിൽ 66 പേർ ജർമ്മൻ B2 Level പരീക്ഷയിൽ വിജയം കരസ്ഥമാക്കി. ജർമ്മൻ ഭാഷാപഠനം പുതിയ ബാച്ച് ആഗസ്റ്റ് 1 ന് ആരംഭിച്ചു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി



# ക്രിസ്റ്റീൻ

**ക്രിസ്റ്റീൻ മിനിസ്ട്രിയുടെ ആനിമേറ്റേഴ്സ് സംഗമം – ELROY 2026**

ELROY 2026 പ്രോഗ്രാമിൽ എല്ലാ ക്രിസ്റ്റീൻ ആനിമേറ്റർമാരും പങ്കെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. തീയതികൾ ഇതോടൊപ്പം നൽകുന്നു.

| | |
|---|---|
| 25.07.2026 ശനി 10.30 am | – പെരിന്തൽമണ്ണ കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം സബ് സോണുകൾ |
| 01.08.2026 ശനി 10.30 am | – പെരുവണ്ണാമൂഴി- മരുതോങ്കര, കൂരാച്ചുണ്ട് സബ് സോണുകൾ |
| 21.08.2026 വെള്ളി 2.30 pm | – വിലങ്ങാട്- വിലങ്ങാട് സബ് സോൺ |
| 22.08.2026 ശനി 10.30 am | – താമരശ്ശേരി അൽഫോൻസ നേഴ്സറി സ്കൂൾ – സിറ്റി, താമരശ്ശേരി, കോടഞ്ചേരി സബ് സോണുകൾ |
| 27.08.2026 വ്യാഴം 10.30 am | – കൂടരഞ്ഞി – തോട്ടുമുക്കം, തിരുവമ്പാടി സബ് സോണുകൾ |

**ഫാ. മിൽട്ടൺ മുളങ്ങാശ്ശേരി**
ഡയറക്ടർ, ക്രിസ്റ്റീൻ

# ബൈബിൾ അപ്പസ്തോലേറ്റ്

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 318 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ഒരു ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. ആറ് മാസങ്ങൾ പിന്നിടുമ്പോൾ ബൈബിളിലെ 25 പുസ്തകങ്ങൾ (സഭാപ്രസംഗകൻ വരെ) വായിച്ചു കഴിഞ്ഞു.

- ലോഗോസ് ക്വിസ് 2026 രജിസ്ട്രേഷൻ ജൂലൈ 31 ന് അവസാനിച്ചു.
- താമരശ്ശേരി രൂപത ബൈബിൾ അപ്പസ്തോലേറ്റ് പ്രസിദ്ധീകരിക്കുന്ന ലോഗോസ് ക്വിസ് 2026 പഠനസഹായി വിതരണത്തിനായി തയ്യാറായിട്ടുണ്ട്. 400 ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങുന്ന പുസ്തകത്തിന്റെ വില 50 രൂപയാണ്. ഈ പഠനസഹായി ആവശ്യമായവർക്ക് ഈ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്: 8606062621

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## ന്യൂറോവേഴ്സ് – Every Mind Has a Story

സൈക്കോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ന്യൂറോവേഴ്സ് എന്ന പേരിൽ IQ അസസ്മെന്റും സൈക്കോളജി എക്സിബിഷനും സംഘടിപ്പിച്ചു. MLA സി. കെ. കാസിം ഉദ്ഘാടനം ചെയ്തു. ഫാ. ആന്റണി കാരിക്കുന്നേൽ, ഡോ. ഷൈജു ഏലിയാസ്, ഡോ. സിസ്റ്റർ വിൻസി ജോസഫ്, മിസ്കൃഷ്ണ പ്രഭാകർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

## IGNITE 2026 അക്കാദമിക് പ്രോഗ്രാം ഉദ്ഘാടനം

2026 ബാച്ചിന്റെ അക്കാദമിക് പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം IGNITE 2026 സംഘടിപ്പിച്ചു. രൂപത വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ ഉദ്ഘാടനം നിർവഹിച്ചു. കോളേജ് ഡയറക്ടർ ഫാ. ജോസഫ് പാലക്കാട് അധ്യക്ഷതവഹിച്ച യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബിക മംഗലത്ത് മുഖ്യപ്രഭാഷണം നടത്തി. യൂട്യൂബ് ഇൻഫ്ളുവൻസർ ശ്രീ. അബിൻ മൈക്കിൾ ക്ലാസ് നയിച്ചു.

## Graduation Ceremony 2026

2023-26 ബാച്ചിന്റെ ഗ്രാജുവേഷൻ സെറിമണി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ബിരുദ സർട്ടിഫിക്കറ്റ് വിതരണം NIT ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ നിർവഹിച്ചു. രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോർജ്ജ് മുണ്ടനാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ മാനേജർ ഫാ. ആന്റണി കാരിക്കുന്നേൽ, പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ് എന്നിവർ സംസാരിച്ചു.

**ഫാ. ആന്റണി കാരികുന്നേൽ**
അൽഫോൻസ കോളേജ്

# സ്റ്റാർട്ട്

## പുതിയ അധ്യയനവർഷ ഉദ്ഘാടനം

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിലിന്റെ മഹനീയ സാന്നിധ്യത്തിൽ 2026 ഓഗസ്റ്റ് 20 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പുതിയ ബാച്ചുകളുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. ജേക്കബ് കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ ഫൊറോന വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, ഫാ. കുര്യൻ ചെറുശ്ശേരിൽ, കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ വിനീത സജീവ്, പൂർവ്വ വിദ്യാർത്ഥിനി ഐറിൻ മരിയ എലിസബത്ത്, ആൻ മരിയ വിനോയ് എന്നിവർ സംസാരിച്ചു. ആദ്യ പ്ലസ് ടു ബാച്ചിന്റെ 100 ശതമാനം വിജയത്തെ അനുമോദിക്കുകയും വിജയികളെ അഭിവന്ദ്യ പിതാവ് ആദരിക്കുകയും ചെയ്തു. സ്കൂൾ, കോളജ് വിദ്യാർഥികൾക്കും മാതാപിതാക്കൾക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന 'START TeenConnect' പദ്ധതിക്കും ചടങ്ങിൽ തുടക്കമായി.

## യുറേക്ക മൊമെന്റ് മിനി മാസ്റ്റർ ക്യാംപ് 2026

ഓഗസ്റ്റ് 27, 28, 29 തീയതികളിൽ സ്റ്റാർട്ട് ക്യാമ്പസിൽ ക്യാംപ് നടക്കുന്നു. ജൂനിയർ വിഭാഗം: 5 മുതൽ 8 വരെ ക്ലാസുകൾ, സീനിയർ വിഭാഗം: 9 മുതൽ 12 വരെ ക്ലാസുകൾ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനുള്ള അവസരം.

## AI & Python ട്രെയിനിംഗ്

Machine Learning, Data Science എന്നിവയുടെ അടിസ്ഥാനമായ Python Programming- ൽ പ്രായോഗിക പരിശീലനം. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കും.

മുകളിൽ പറഞ്ഞ എല്ലാ കോഴ്സുകളിലേക്കും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്: https://www.startindia.org/online

## മൾട്ടിപ്പിൾ ഇന്റലിജൻസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

6 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ വ്യത്യസ്ത ബുദ്ധി ശക്തികളും അഭിരുചികളും ശാസ്ത്രീയമായി കണ്ടെത്തി, അനുയോജ്യമായ പഠന-തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ടെസ്റ്റ്. കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക: 9037107843

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്



# കരുണാഭവൻ

കരുണാഭവനിൽ ശുശ്രൂഷക്കായി കടന്നുവന്ന സി. ജസ്റ്റ് എസ്ഡിയ്ക്ക് കരുണാഭവൻ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. കരുണാഭവൻ ബോർഡ് യോഗം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു. ഒരു അന്തേവാസി കൂടി കടന്നുവന്നു. വിവിധ ഇടവകകളിൽനിന്നും ബഹു. വൈദികരും സിസ്റ്റേഴ്സും അല്മായരും കരുണാഭവൻ സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും സാമ്പത്തികമായി സഹായിക്കുകയും ചെയ്തു. കരുണാഭവനെ സഹായിക്കുന്ന എല്ലാവരെയും നന്ദി അറിയിക്കുന്നു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap സേവനവും ജെപിഐയിൽ ലഭ്യമാണ്.

**കോഴ്സുകൾ**

1 എംഎസ്സി ഇൻ കൗണ്സിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2 എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗണ്സിലിംഗ് (ഓൺ ലൈൻ)

**അറിയിപ്പ്**

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവർത്തന സജ്ജമായ ഹോപ്പ് ലൈൻ എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചുവരുന്നു. രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 04953523636 നമ്പറിൽ ബന്ധപ്പെടുക.

**ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളും സംരംഭങ്ങളും**

1. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026-2028 ബാച്ച് (ഓൺലൈൻ) ക്ലാസിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്കായി ജൂൺ 20 മുതൽ ക്ലാസുകൾ ആരംഭിച്ചു.
2. ദേവഗിരി, കോടഞ്ചേരി, എന്നിവിടങ്ങളിലും കോഴിക്കോട് അതിരൂപതയുടെ കീഴിലുള്ള അമ്മമാർക്കും മാനസിക ആരോഗ്യത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# വികസന വേദി

## ജെ.എൽ.ജി ക്യാമ്പ്

കാനറ ബാങ്കിന്റെ അടിവാരം, പൂനൂർ, താമരശ്ശേരി, തിരുവമ്പാടി തുടങ്ങിയ ശാഖകളുടെ സഹകരണത്തോടെ പുതുപ്പാടി, മരുതോങ്കര, വിലങ്ങാട്, വെറ്റിലപ്പാറ, പുല്ലൂരാംപാറ മേഖലകളിൽ പുതിയ ജെ. എൽ.ജി (Joint Liability Group) വായ്പാ വിതരണവും വായ്പാ പുതുക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. സിഒഡി പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയിയും വിവിധ ഏരിയ കോർഡിനേറ്റർമാരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## എസ്.എച്ച്.ജി ഓഡിറ്റ്

സിഒഡിയുടെ വിവിധ സ്വയംസഹായ സംഘങ്ങളുടെ (എസ്.എച്ച്.ജി) വാർഷിക ഓഡിറ്റുകൾ ഏരിയ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടന്നു.

## സേഫ് വിത്തിൻ: റീകണക്ട് വയനാട് & വിലങ്ങാട് - ദുരന്തനിവാരണ പരിശീലനം

സേഫ് വിത്തിൻ: റീകണക്ട് വയനാട് & വിലങ്ങാട് പദ്ധതിയുടെ ഭാഗമായി വിലങ്ങാട് ഹാർട്ട് ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കും സന്നദ്ധ പ്രവർത്തകർക്കുമായി ദുരന്തനിവാരണ പരിശീലനം സംഘടിപ്പിച്ചു.

വിലങ്ങാട്, പുതുപ്പാടി ഹാർട്ട് ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കും കമ്മ്യൂണിറ്റി വോളണ്ടിയർമാർക്കുമായി കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയുടെ സഹകരണത്തോടെ ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം സംഘടിപ്പിച്ചു. സി.പി.ആർ., പ്രാഥമിക ശുശ്രൂഷ, ശ്വാസതടസം, പാമ്പുകടി, അപസ്മാരം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകളും പ്രായോഗിക പരിശീലനവും നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## മാനസികാരോഗ്യ ബോധവത്കരണം

സേഫ് വിതിൻ റീകണക്ട് വയനാട് & വിലങ്ങാട് പദ്ധതിയുടെ ഭാഗമായി വിലങ്ങാട്, പുതുപ്പാടി എന്നിവിടങ്ങളിൽ മാനസികാരോഗ്യ ബോധവത്കരണ തെരുവ് നാടകം സംഘടിപ്പിച്ചു. കൈതപ്പൊയിൽ ലിസ്സാ കോളേജിലെ സോഷ്യൽ വർക്ക് വിഭാഗം വിദ്യാർത്ഥികൾ അവതരിപ്പിച്ച നാടകം മാനസികാരോഗ്യ സംരക്ഷണം, കൗൺസിലിംഗ് സേവനങ്ങളുടെ പ്രാധാന്യം, സമയബന്ധിതമായി സഹായം തേടേണ്ടതിന്റെ ആവശ്യകത എന്നിവ ജനങ്ങളിലേക്ക് എത്തിച്ചു.

പരിപാടിയിൽ പദ്ധതിയുടെ ലക്ഷ്യങ്ങളും സമൂഹത്തിന്റെ ദുരന്തസന്നദ്ധത ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യവും വിശദീകരിച്ചു. വാണിമേൽ പഞ്ചായത്ത് മെമ്പർ രാജു തറപ്പേൽ, പുതുപ്പാടിയിൽ പഞ്ചായത്ത് മെമ്പർ മോളി ആന്റോ എന്നിവർ സംസാരിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് കോർഡിനേറ്റർ അബീഷ് ആന്റണി പരിപാടിയിൽ പങ്കെടുത്തു.

## അവലോകന യോഗം

സേഫ് വിതിൻ: റീകണക്ട് വയനാട് & വിലങ്ങാട് പദ്ധതിയുടെ അവലോകന ആസൂത്രണ യോഗം സുൽത്താൻ ബത്തേരി ശ്രേയസിൽ സംഘടിപ്പിച്ചു. സിഒഡിയിൽ നിന്ന് പ്രോജക്ട് കോർഡിനേറ്റർ ക്രിസ്റ്റീന റോസ് ജോർജ്, കമ്മ്യൂണിറ്റി മൊബിലൈസർ ഷാനി ജോസഫ് എന്നിവർ പങ്കെടുത്തു. യോഗത്തിൽ കഴിഞ്ഞ ഒരു വർഷത്തെ പദ്ധതിപ്രവർത്തനങ്ങൾ അവ തരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് അടുത്ത വർഷത്തെ പ്രവർത്തന പദ്ധതികളും മുൻഗണനാ ഇടപെടലുകളും ചർച്ച ചെയ്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കി.

## സിഒഡി ജനറൽ ബോഡി യോഗം

സിഒഡി, താമരശ്ശേരിയുടെ വാർഷിക ജനറൽ ബോഡി യോഗം പ്രസിഡന്റ് മോൺ. എബ്രാഹം വയലിലിന്റെ അധ്യക്ഷതയിൽ ചേർന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ്ചെലവ് കണക്കുകൾ അവതരിപ്പിച്ച് യോഗത്തിൽ പാസ്സാക്കി. സംഘടനയുടെ നിലവിലെ പ്രവർത്തനങ്ങളും വരാനിരിക്കുന്ന പദ്ധതികളും യോഗത്തിൽ അവ

തരിപ്പിക്കുകയും അവ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. അംഗങ്ങൾ വിവിധ നിർദേശങ്ങൾ പങ്കുവെച്ച യോഗം ഡയറക്ടർ ഫാ. സായി പാറൻകുളങ്ങരയുടെ നന്ദി പ്രസംഗ ത്തോടെ സമാപി ച്ചു.

## കാവൽ ആരോഗ്യ ബോധവത്കരണ ക്ലാസ്

കാവൽ പദ്ധതിയുടെ ഭാഗമായി വെള്ളിമാടുകുന്ന് ഗവ. ഗേൾസ് ഹോം ഓഡിറ്റോറിയത്തിൽ ആരോഗ്യ ബോധവത്കരണ ക്ലാസ് സംഘടി പ്പിച്ചു. ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ സഹകരണത്തോടെ നടന്ന പരിപാടിയിൽ ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് അരുണിമ വി.എ ഉദ്ഘാടനം നിർവഹിച്ചു. ഐ.സി.ടി.സി കൗൺസിലർ ദീപക് മോഹൻ പി. എച്ച്.ഐ.വി./എയ്ഡ്സ്ബോധവ ത്കരണവും ആരോഗ്യകരമായ ജീവിതശൈലിയും, സ്നേഹിത കൗൺസിലർ ശ്രുതി പ്രേമൻ ലൈംഗിക വിദ്യാഭ്യാസം എന്നീ വിഷ യങ്ങളിൽ ക്ലാസുകൾ നയിച്ചു. സിഒഡി കാവൽ പ്രോജക്ട് കോർ ഡിനേറ്റർ അമൽ, കേസ് വർക്കർ റെസ്ന എന്നിവർ പരിപാടി ഏകോപി പ്പിച്ചു.

## സേഫ് ടെയ്‌ലറിങ് യൂണിറ്റ്

സിഒഡിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സേഫ് ടെയ്‌ലറിങ് യൂണിറ്റ് മികച്ച നിലവാരത്തിലുള്ള തയ്യൽ സേവനങ്ങൾ നൽകിവരു ന്നു. സ്കൂളുകൾ, ആശുപത്രികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യൂണിഫോം ഉൾപ്പെടെയുള്ള ബൾക്ക് ഓർഡറുകളും വ്യക്തിഗത തയ്യൽ ജോലികളും ഏറ്റെടുത്ത് സമയബന്ധിതമായി നിർ വഹിക്കുന്നു.

പരിചയസമ്പന്നരായ തയ്യൽ തൊഴിലാളികളുടെ സേവനത്തോടെ ഗുണനിലവാരവും വിശ്വാസ്യതയും ഉറപ്പാക്കി പ്രവർത്തിക്കുന്ന യൂണിറ്റിൽ യൂണിഫോം, കുർത്ത, ചുരിദാർ, സ്കൂൾ യൂണിഫോം, ആശുപത്രി യൂണിഫോം, മറ്റ് തയ്യൽ ജോലികൾ എന്നിവ സ്വീകരി ക്കുന്നു. ഓർഡറുകൾക്കും കൂടുതൽ വിവരങ്ങൾക്കും: 9400750618

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### അഡ്മിഷൻ

കർണാടക സി.ഇ.ടി. (CET) പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് വിവിധ കോളേജുകളിലെ ബി.എസ്.സി. നഴ്സിംഗ് അഡ്മിഷൻ, അലോട്ട്മെന്റ് നടപടികളുമായി ബന്ധപ്പെട്ട സഹായവും മാർഗനിർദ്ദേശവും നൽകി.

### കരിയർ കൗൺസിലിംഗ്

125 വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കരിയർ കൗൺസിലിംഗ് സംഘടിപ്പിച്ചു.

### സ്കോളർഷിപ്പ് സഹായം

സാമ്പത്തികമായി പിന്നാക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ഉന്നത വിദ്യാഭ്യാസം തുടരുന്നതിനായി ഈ മാസം 6 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് സഹായം നൽകി.

### വിദ്യാർത്ഥികൾക്കായുള്ള മാർഗനിർദ്ദേശ ക്ലാസ്

പ്ലസ് ടു പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രത്യേക മാർഗനിർദ്ദേശ ക്ലാസ് സംഘടിപ്പിച്ചു.

### അറിയിപ്പ്

2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടക്കുന്നു. നഴ്സിംഗ് പഠനത്തിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സ്കോളർഷിപ്പുകൾ ലഭ്യമാണ്. വിവിധ കോഴ്സുകളിലേക്ക് അഡ്മിഷനുവേണ്ടി സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 എന്ന നമ്പറിൽ വിളിക്കുക.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 മെയ് മാസത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി.

മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി TAFCOS മൊബൈൽ അപ്ലിക്കേഷൻ ഇപ്പോൾ Android ഫോണുകൾക്ക് പുറമെ iPhone (iOS) ഉപയോക്താക്കൾക്കും ലഭ്യമായി. ഈ മൊബൈൽ അപ്ലിക്കേഷൻ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും, അക്കൗണ്ട് വിവരങ്ങൾ പരിശോധിക്കാനും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാകുന്നു.

വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ഏപ്രിൽ മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടരഞ്ഞി, പാറോപ്പടി, വെറ്റിലപ്പാറ ഇടവകകളിൽ അംഗത്വ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, പുതിയ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർക്കുകയും ചെയ്തു.

ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിക്കുന്നു.

## Institute of Food and Agricultural Ethics (IFAE)

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്. മഴക്കാലത്ത് നട്ടുവളർത്താൻ അനുയോജ്യമായ തെങ്ങിൻ തൈകൾ, ഫലവൃക്ഷ തൈകൾ, മാവിൻ തൈകൾ, പ്ലാവിൻ തൈകൾ തുടങ്ങിയ വിവിധ തൈകൾ ലഭ്യമാണ്.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോമായ കിസാൻഭാരത് ജൂൺ മാസത്തിലും കൂടുതൽ കർഷകരെയും ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു.
www.kisanbharath.com

### കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായ സേവനം

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും സൗജന്യ ഹെൽപ്പ് ലൈൻ സേവനം ജൂൺ മാസത്തിലും സജീവമായി തുടരുകയും നിരവധി കർഷകർക്ക് പ്രയോജനകരമാവുകയും ചെയ്തു.

ടോൾഫ്രീ: 1800 425 3777, www.kisanline.com

IFAEയുടെ കാർഷികവും ഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജൂൺ മാസത്തിൽ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട്കൊണ്ടുപോകുന്നു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

**ബുക്കിംഗ് ആരംഭിച്ച തീർഥാടന യാത്രകൾ**

*(A) യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5:* മാർപാപ്പയെ നേരിൽ കാണാനുള്ള സുവർണാവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥാടനം 2026 ഒക്ടോബർ 5 ന് പുറപ്പെടുന്നു. വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങൾ ഈ യാത്രയിൽ സന്ദർശിക്കുന്നുണ്ട്.

*(B) വിശുദ്ധനാട് തീർത്ഥാടനം 2026 ഒക്ടോബർ 4:* യേശുക്രിസ്തു ജനിച്ചു ജീവിച്ച വിശുദ്ധ നാടുകളിലൂടെ നടത്തുന്ന ആത്മീയ തീർത്ഥാടനം 2026 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ക്രമീകരിച്ചിരിക്കുന്നു.

*(C) ഗോവ യാത്ര 2026 ഒക്ടോബർ 16:* സെന്റ് ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം ദർശിക്കാൻ സാധിക്കുന്ന ഗോവ യാത്ര 2026 സെപ്റ്റംബർ 11 ന് പുറപ്പെടുന്നു. ആഗസ്റ്റ് മാസം അവസാനത്തോടെ ബുക്കിംഗ് കഴിയുന്നതാണ്.

*(D) മറ്റു യാത്രകൾ:* തീർത്ഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഡൽഹി, ആഗ്ര, അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ, മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര.

**ബുക്കിംഗ് നടപടിക്രമം**

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക – PH: 9447008376.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്

# ഇൻഫാം

ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ഉന്നതമായ പ്രവർത്തനങ്ങളും പരിപാടികളും വിജയകരമായി നടന്നുവരുന്നു. സംഘടനയുടെ വളർച്ചയ്ക്കും അംഗങ്ങളുടെ ഏകോപനത്തിനും സഹായകമായ പ്രധാന പ്രവർത്തനങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

### ഇൻഫാം സമ്മേളനം

ജൂലൈ മാസം നാലാം തീയതി കാർഷികജില്ല എക്സിക്യൂട്ടീവ് യോഗീ ഇൻഫാം ഡയറക്ടർ ഫാ. ജോർജ്ജ് മുണ്ടനാട്ടിന്റെ നേതൃത്വത്തിൽ നടന്നു. ഗ്രാമതല സമിതികളുടെ രൂപികരണം പൂർത്തിയായ സ്ഥലങ്ങളിൽ താലൂക്ക് തലത്തിൻ കമ്മിറ്റികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ഇനിയും ഗ്രാമസമിതികളുടെ രൂപീകരണം നടക്കാത്ത സ്ഥലങ്ങളിൽ അവയുടെ രൂപികരണം നടത്താൻ ആരംഭിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. ജോർജ്ജ് മുണ്ടനാട്ട്, ചക്കയുടെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനെ കുറിച്ച് ക്ലാസ് നയിച്ചു.

### അഗ്രി ഇന്റക്സ് 2026

കോയമ്പത്തൂരിൽ വച്ച് നടക്കുന്ന അഗ്രി ഇന്റക്സ് 2026 എക്സിബിഷൻ ടീം അംഗങ്ങൾ സന്ദർശിച്ചു.

### അംഗത്വ കാർഡ് വിതരണം:

ഇൻഫാം മെമ്പർഷിപ്പ് കാർഡുകളുടെ വിതരണം ആരംഭിച്ചു. പുതുതായി അംഗങ്ങൾ ആയവർക്ക് നൽകാനുള്ള കാർഡുകൾ ഓരോ ഇടവകകളിലും സന്ദർശനം നടത്തി വിതരണം നടത്തിവരുന്നു. പേരാമ്പ്ര, കരികണ്ടൻപാറ, പാത്തിപ്പാറ, പൂഴിത്തോട്, മരുതോങ്കര, ചാത്തൻതോട്ടം, പിടി ചാക്കോ നഗർ, പൂതംപാറ തുടങ്ങിയ ഇടവകകളിലാണ് പ്രവർത്തനം നടന്നത്.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം



# യേശുനിധി

2026 ജൂൺ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Chamal | 10,000.00 |
| 2 | Kalikavu | 10,000.00 |
| 3 | Kariyathumpara | 10,000.00 |
| 4 | Karimbu | 10,000.00 |
| 5 | Narinada | 15,000.00 |
| 6 | Passukadave | 10,000.00 |
| **Home** | | |
| 7 | Kunduthode | 10,000.00 |
| 8 | Mailellampara | 10,000.00 |
| 9 | Muthukad | 15,000.00 |
| 10 | Muthukad | 10,000.00 |
| 11 | Poilomchal | 10,000.00 |
| 12 | PT Chacko Nagar | 10,000.00 |
| 13 | PT Chacko Nagar | 10,000.00 |
| 14 | Pushpagiri | 10,000.00 |
| **Medical** | | |
| 15 | Anackampoil | 10,000.00 |
| 16 | Chathangottunada | 15,000.00 |
| 17 | Kakkadampoil | 10,000.00 |
| 18 | Kallurutty | 15,000.00 |
| 19 | Kodanchery | 15,000.00 |
| 20 | Koodaranji | 15,000.00 |
| 21 | Koorachundu | 15,000.00 |
| 22 | Koorachundu | 15,000.00 |
| 23 | Kuttipuram | 15,000.00 |
| 24 | Panamplave | 15,000.00 |
| 25 | Payyanad | 10,000.00 |
| 26 | Perinthalmanna | 10,000.00 |
| 27 | Pullorampara | 15,000.00 |
| 28 | Thamarassery | 20,000.00 |
| 29 | Thekkumkutty | 20,000.00 |
| 30 | Thiruvambady | 15,000.00 |
| 31 | Valillapuzha | 12,000.00 |
| 32 | Venappara | 15,000.00 |
| 33 | Vilakkamthode | 15,000.00 |
| **Marriage** | | |
| 34 | Mukkam | 20,000.00 |
| **Miscellaneous** | | |
| 35 | Anackampoil | 15,000.00 |
| 36 | Poilomchal | 15,000.00 |
| 37 | Vilakkamthode | 20,000.00 |
| | **Total** | **4,92,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

**ജൂൺ**

26 രാവിലെ, പി.ഒ.സി. യിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

27 രാവിലെ, കൂരാച്ചുണ്ട് ഫൊറോന ദൈവാലയ കപ്പേളയിൽ ബഹുമാനപ്പെട്ട ബെന്നി മുണ്ടനാട്ടച്ചന്റെ പരേതയായ മാതാവിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

രാവിലെ, ഒരു വർഷം മുഴുവനും വിശുദ്ധ കുർബാനയിൽ പങ്കെടുത്ത കുരാച്ചുണ്ട് ഫൊറോന ഇടവകയിലെ 40 എയ്ഞ്ചൽ ആർമി അംഗങ്ങൾക്ക് പാരീഷ്ഹാൾ അങ്കണത്തിൽ വെച്ച് സൈക്കിൾ വിതരണം ചെയ്തു.

രാവിലെ, തോട്ടുമുക്കത്ത്, പരേതയായ പുല്ലന്താനിക്കൽ അന്നാമ്മയുടെ ഭൗതികദേഹം ഭവനത്തിൽ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ, വെറ്റിലപ്പാറ ഇടവക ദേവാലയത്തിൽ, ജന്മശതാബ്ദി ആഘോഷിക്കുന്ന ശ്രീ. മാത്യു കപ്പിലുമാക്കിയിലിനായി കൃതജ്ഞതാബലി അർപ്പിക്കുകയും തുടർന്ന് സിഎം ഹാളിൽ നടന്ന യോഗത്തിൽ അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി പാരിഷ് ഹാളിൽ, എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കായി ദീപികയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിദ്യാർത്ഥികളെ ആദരിക്കുകയും ചെയ്തു.

വൈകുന്നേരം, പി. എം. ഒ. സി. ഓഡിറ്റോറിയത്തിൽ മത ബോധന അദ്ധ്യാപകർക്കായി നടത്തിയ ആമുഖ സെമിനാർ ഉദ്ഘാടനം ചെയ്തു.

28 മുത്തപ്പൻപുഴ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പുഷ്പഗിരി ഇടവകയിൽ, പരേതയായ ഏലിക്കുട്ടി പുല്ലുവേലിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഇടവക ദേവാലയത്തിലും സിമിത്തേരിയിലും നേതൃത്വം നൽകി.

29 രാവിലെ, മൈലെള്ളാംപാറയിൽ, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെയും താമരശ്ശേരി രൂപതയുടെയും സഹായത്തോടെ പുതുതായി നിർമ്മിച്ച ഭവനം വെഞ്ചിരിച്ചു.

രാവിലെ, കുന്ദമംഗലം ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റ് വിതരണം നടത്തുകയും 2026-27 പഠനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, വെള്ളരിക്കുണ്ട് സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ പുതിയ അധ്യായന വർഷം ഉദ്ഘാടനം ചെയ്തു.

30 രാവിലെ, വെള്ളരിക്കുണ്ട് സെന്റ് ജോസഫ് മൈനർ സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

**ജൂലൈ**

02 രാവിലെ, താമരശ്ശേരി മൈനർ സെമിനാരി കപ്പേളയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് വൈദിക വിദ്യാർഥികൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു.

രാവിലെ, അഗസ്ത്യാമുഴി സെന്റ് ജോസഫ് ആശുപത്രിയിൽ രോഗബാധിതരായി കഴിയുന്ന ബഹു. ജെയിംസ് വാമറ്റത്തിൽ അച്ചനെയും മാത്യു തെക്കുംചേരിൽ അച്ചനേയും സന്ദർശിച്ച് രോഗീലേപനം നൽകി.

03 രാവിലെ, മരിയാപുരം ഫൊറോന ദേവാലയത്തിൽ, വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് റാസ കുർബാന അർപ്പിച്ചു.

രാവിലെ, പന്തല്ലൂരിൽ, പുതുതായി ആരംഭിച്ച വിപണന കേന്ദ്രത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

04 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പരേതനായ ജോർജ്ജ് മാത്യു ചെറുതൊടുകയിലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

രാവിലെ, ബത്തേരി മലങ്കര രൂപതാകേന്ദ്രത്തിൽ, രൂപത അധ്യക്ഷൻ ജോസഫ് മാർ തോമസിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള പരിപാടിയിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

വൈകുന്നേരം, തിരൂർ ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

05 കുപ്പായക്കോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

05-09 പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ, അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവ് നയിച്ച താമരശ്ശേരി രൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

06 ഉച്ചകഴിഞ്ഞ്, അഗസ്ത്യാമുഴി സെന്റ് ജോസഫ് ആശുപത്രിയിൽ രോഗാവസ്ഥയിൽ കഴിയുന്ന താമരശ്ശേരി രൂപത വൈദികൻ ബഹു. കുര്യൻ തലച്ചിറക്കുഴി അച്ചനെ സന്ദർശിച്ച് രോഗിലേപനം നൽകി.

അഗസ്ത്യാമുഴി സെന്റ് ജോസഫ് ആശുപത്രിയിൽ, പരേതനായ ബഹു. കുര്യൻ തലച്ചിറക്കുഴി അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ, പരേതനായ ജ്യേഷ്ഠൻ, അഗസ്റ്റിൻ പോൾ ഇഞ്ചനാനിയിലിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

09 ഉച്ചകഴിഞ്ഞ്, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, താമരശ്ശേരി രൂപത വൈദികൻ പരേതനായ ബഹു. കുര്യൻ തലച്ചി

റക്കുഴി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവനോടൊപ്പം നേതൃത്വം നൽകി. തുടർന്ന്, പുതുപ്പാടി ഇടവക സെമിത്തേരിയിലെ മൃതസംസ്കാര ശുശ്രൂഷകളും നിർവഹിച്ചു.

10 രാവിലെ, പി. എം. ഒ. സി. കപ്പേളയിൽ, പ്രീ കാന കോഴ്സിൽ സംബന്ധിക്കുന്നവർക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ്സ് എടുക്കുകയും ചെയ്തു.

11 രാവിലെ, തലശ്ശേരി അതിരൂപതയിലെ കൊട്ടോടിയിൽ, ബഹു. അഗസ്റ്റിൻ പാറ്റാനി അച്ചന്റെ പരേതയായ മാതാവ് ത്രേസ്യ പാറ്റാനിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിലും ഇടവക ദൈവാലയത്തിലും നേതൃത്വം നൽകി.

വൈകുന്നേരം, മഞ്ഞക്കടവ് ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

12 പെരുവണ്ണാമൂഴി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

13 രാവിലെ, കണ്ണോത്ത് ഇടവക ദൈവാലയത്തിൽ ഒരു വിവാഹ മനസമ്മതത്തിന് കാർമികത്വം വഹിച്ചു.

വൈകുന്നേരം, കുറ്റിപ്പുറം ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

14 ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച നേർച്ച ഭക്ഷണ വിതരണ കെട്ടിടം വെഞ്ചരിച്ചു.

വൈകുന്നേരം, അൽഫോൻസ മൈനർ സെമിനാരിയിൽ, സെമിനാരി റെക്ടർ ബഹു. കുര്യൻ താന്നിക്കൽ അച്ചന്റെ നാമഹേതുക തിരുനാളിനോട് അനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ പങ്കെടുത്തു.

15 വൈകുന്നേരം, കരികണ്ടൻപാറ ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

16 രാവിലെ, ചാവറ ഹോസ്പിറ്റൽ സി. എം. സി. കോൺവെന്റ് കപ്പേളയിൽ, കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

രാവിലെ, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്ര ഓഡിറ്റോറിയത്തിൽ, അഖണ്ഡ ജപമാല ആരംഭത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന്, ഓഡിറ്റോറിയത്തിൽ നിന്നും പ്രദക്ഷിണമായി ദിവ്യകാരുണ്യം നിത്യാരാധന ചാപ്പലിൽ സ്ഥാപിക്കുകയും ജപമാല ചൊല്ലി അഖണ്ഡ ജപമാലക്ക് ആരംഭം കുറിക്കുകയും ചെയ്തു.

വൈകുന്നേരം, മുതുകാട് ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

17 രാവിലെ, വിവിധ സംഘടനകളുടെ ഡയറക്ടർമാരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജ് ഓഡിറ്റോറിയത്തിൽ, 2025-26 അധ്യായന വർഷത്തിൽ ബിരുദം പൂർത്തിയാക്കിയവർക്കുള്ള ബിരുദദാന ചടങ്ങ് ഉദ്ഘാടനംചെയ്തു. കോഴിക്കോട് എൻ. ഐ. ടി. ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ ചടങ്ങിൽ പങ്കെടുത്തു.

18 രാവിലെ, താമരശ്ശേരിയിൽ, സീറോ മലബാർ സിനഡ് സെമിനാരി പരിശീലനവുമായി ബന്ധപ്പെട്ട് പുതുതായി പുറത്തിറക്കിയ മാർഗ്ഗരേഖ ആസ്പദമാക്കി, വൈദിക പരിശീലന വിദഗ്ദ സമിതിയോടൊപ്പം ചർച്ച നടത്തി.

വൈകുന്നേരം, കത്തീഡ്രൽ ഇടവക കോരങ്ങാട് സെന്റ് തോമസ് കുടുംബ കൂട്ടായ്മ വാർഷിക യോഗത്തിൽ പങ്കെടുത്തു.

19 ചേവായൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കണ്ണോത്ത് ഇടവക ദൈവാലയത്തിൽ, ബഹു. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ അച്ചന്റെ പരേതയായ മാതാവ് അന്ന ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, കോരങ്ങാട് അൽഫോൻസാ സീനിയർ ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ, താമരശ്ശേരി മാധ്യമ പ്രേക്ഷിത വിഭാഗത്തിന്റെയും അക്ഷര കമ്മ്യൂണിക്കേഷന്റെയും നേതൃത്വത്തിൽ കാഞ്ഞിരപ്പള്ളി അമല കമ്യൂണിക്കേഷൻ അവതരിപ്പിച്ച 'തച്ചൻ' എന്ന നാടകത്തിന്റെ പ്രദർശനത്തിൽ പങ്കെടുത്തു.

20 രാവിലെ, ബഹു. ജോൺ മൂലയിൽ അച്ചന്റെ പരേതയായ മാതാവ് ഏലി ജോണിന്റെ 41-ാം ചരമ ദിനത്തോടനുബന്ധിച്ച് കുപ്പായക്കോട് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഭവനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഉച്ചയ്ക്ക്, കോട്ടുളി ഹോം ഓഫ് ലവ് സ്ഥാപനം സന്ദർശിക്കുകയും അന്തേവാസികളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കോട്ടുളി സ്റ്റാർട്ടിന്റെ 2026-27 അധ്യായന വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

വൈകുന്നേരം, തെയ്യപ്പാറ ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

21 ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിലേക്ക് താമരശ്ശേരി രൂപതയിലെ നാൽപതോളം വൈദികരും നിരവധി സന്യസ്തരും വിവിധ ഇടവകകളിൽ നിന്നുള്ള ദൈവജനവും പങ്കെടുത്ത തീർത്ഥാടനത്തിന് നേതൃത്വം നൽകുകയും തുടർന്ന്, രാവിലെ, അൽഫോൻസാ തീർത്ഥാടന കേന്ദ്ര ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ അൽഫോൻസയുടെ കബറിടത്തിൽ നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

22 വൈകുന്നേരം, നെന്മേനി ഇടവക ദൈവാലയത്തിൽ, മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ് എടുത്തു.

23 രാവിലെ, അഗസ്ത്യാമുഴി സെന്റ് ജോസഫ് ആശുപത്രിയിൽ

രോഗാവസ്ഥയിൽ കഴിയുന്ന ബഹു. ജെയിംസ് വാമറ്റത്തിൽ അച്ചനെ സന്ദർശിച്ചു.

രാവിലെ, ബഹു. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ അച്ചന്റെ പരേതയായ മാതാവ് അന്ന ജോസഫിനുവേണ്ടി നടത്തിയ പുലയടിയന്തിര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

രാവിലെ, എം. എം. പി. സി. മാർ മങ്കുഴിക്കരി ഹാളിൽ, വ്യക്തിത്വ വികസന ക്ലബ്ബിന്റെ നേതൃത്വത്തിൽ അധ്യാപകർക്കും കുട്ടികൾക്കുമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം, അഗസ്ത്യാമുഴി സെന്റ് ജോസഫ് ആശുപത്രിയിൽ രോഗാവസ്ഥയിൽ കഴിയുന്ന ബഹു. ജെയിംസ് വാമറ്റത്തിൽ അച്ചനെ സന്ദർശിച്ചു. പിന്നീട്, നിര്യാണ വിവരത്തെത്തുടർന്ന് ആശുപത്രിയിൽ എത്തുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

വൈകുന്നേരം, വെറ്റിലപ്പാറ ഇടവകാഗം പരേതയായ റോസമ്മ ചിറയിലിന്റെ ഭവനം സന്ദർശിച്ച് പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ജെയിംസ് വാമറ്റത്തിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, പനംപ്ലാവ് ഇടവകാഗം പരേതയായ റോസമ്മ വേങ്ങക്കലിന്റെ ഭവനം സന്ദർശിച്ച് പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

25 രാവിലെ, അരീക്കോട് ഗവൺമെന്റ് ഹൈസ്ക്കൂളിൽ 1975 - 76 വർഷത്തെ സഹപാഠികളുടെ സംഗമത്തിൽ പങ്കെടുത്തു.

വൈകുന്നേരം, രൂപതാഭവനിൽ, കേരള നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് നല്കിയ സ്വീകരണത്തിൽ പങ്കെടുത്തു.



Bharananganam Pilgrimage 2026













# THAMARAMOTTUKAL

Registered with Registrar of Newspapers of India
RN No. 71212/99 - Date of Publication 31.07.2026




## വി. ജോൺ മരിയ വിയാനി

ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കേണമേ


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor,
Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673573.
Printed at Alphonsa Offset Press, Near Cathedral Thamarassery, Published at Thamarassery,
Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 08, August 2026, Pages 76